ISSN:2583-2484

# ശാംഭവി

ത്രൈമാസിക

SHAAMBHAVI Book 13 | July - September 2024 | Edition 3



# പത്രാധിപക്കുറിപ്പ്

വ്യക്തമായ ഭാഷ മനുഷ്യന് ഈശ്വരൻ തന്ന വരദാനമാണ്. അറിവ് വിനിമയം ചെയ്യാനും അതിനെ സംരക്ഷിച്ച് നിർത്താനും സാർവ്വലൗകികമാക്കാനും ഭാഷ ഒരു ഉപാധിയും അത്യന്താപേക്ഷിതമായതുമാണ്. ഭാഷയുടെ ആധേയമായ അറിവ് നല്ലതാണ്. എന്നാൽ ഭാഷയാകുന്ന ആധാരവും അറിവാകുന്ന ആധേയവും യോജിച്ചവിധത്തിൽ ഒത്ത് ചേരുമ്പോഴാണ് നമ്മുടെ ഭാഷ അഥവാ വാക്ക് നമുക്ക് ഭൂഷണമായി (വാഗ്ഭൂഷണം ഭൂഷണം ) തീരുന്നത്. എന്നാൽ സമൂഹത്തിൽ ആ ഭൂഷണം പോലും ചില ഘട്ടത്തിൽ പ്രയോജനം ചെയ്യുകയുമില്ല ശോഭിയ്ക്കുകയുമില്ല. ഇതിനെ സൂചിപ്പിയ്ക്കുന്ന ഒരു സുഭാഷിതമിതാ

കോലാഹലേ കാകകുലസ്യ ജാതേ
വിരാജതേ കോകിലകൂജിതം കിം
പരസ്പരം സംവദതാം ഖലാനാം
മൗനം വിധേയം സതതം സുധീഭിഃ

സുഭാഷിതസാരം ഃ-

കാക്കകൾ കോലാഹലമുണ്ടാക്കുമ്പോൾ കുയിലിന്റെ ശബ്ദം കൊണ്ട് എന്ത് കാര്യം ? അതുപോലെയാണ് ദുഷ്ടന്മാർ സംസാരിക്കുമ്പോൾ സജ്ജനങ്ങൾ മൗനം പാലിയ്ക്കുകയാണ് നല്ലത്.

# ശാംഭവി
## ത്രൈമാസിക

സൌജന്യ വിതരണത്തിന്

പുസ്തകം 13 ലക്കം 03 | ജൂലൈ – സെപ്റ്റംബർ 2024



**ശ്രീപുരം പബ്ലിക്കേഷൻസ്**
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712

shripuramtrust@yahoo.co.in
www.shripuram.org



## എഡിറ്റോറിയൽ ബോർഡ്

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ഡോ. ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

പുറംചട്ട രൂപകല്പന
**ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**ശ്രീപുരം ട്രസ്റ്റ്**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട


# വിഷയവിവരം


1. രേണുകാസ്തോത്രം — 2

2 സംസ്കൃതപാഠം (58) — 3

3. പരമാർത്ഥസാരം (26) — 5

4. സ്തുതികുസുമാഞ്ജലി (18) — 10

5. കുട്ടികളുടെ വാല്മീകിരാമായണം (39) — 15

6. താന്ത്രികവൈഷ്ണവദർശനം — 17

7. കേരളീയതന്ത്രം — 19

8. ഔഷധസസ്യങ്ങൾ (45) എരിക്ക് — 32

# രേണുകാസ്തോത്രം

സമ്പാദക : അപർണ്ണാദേവി എ.

9

യസ്ത്വാം പശ്യതി തസ്യ നശ്യതി മഹാപാപാന്ധകാരഃ ക്ഷണാത്
കിം ചാർധാദപരേ  പുരാണപുരുഷപ്രാണപ്രിയേ പാർവതി
മൂർധ്നസ്തസ്യ തതോ ഭവേത് കൃതധിയഃ ശ്രീ-ഏകവീരാംബികേ
ദൃശ്യന്തേ ന മനാഗപീഹ യദീയം പ്രത്യക്ഷമുദ്യോതസേ

10

കിം യോഗേന കിമർചനേന കിമഥ ജ്ഞാനേന കിം കർമണാ
കിം ധ്യാനേന കിമിജ്യയാ കിമഥവാ ദാനേന കിം ദീക്ഷയാ
ദൃശ്യന്തേ യദി സഹ്യശൈലശിഖരശ്രീഗർവിതാഃ സർവദാ
മാതഃ പാർവതി രേണുകേ തവ പാദാംഭോജപ്രഭാവിഭ്രമാഃ

11

ഹേ സഹ്യാചലനിത്യകേളിരസികേ കർപൂരകസ്തൂരികാ-
വിന്യസ്താഗരുകുങ്കുമൈർമലയജൈസ്ത്വം ചർചിതാഭ്യർചിതാ
തേ ദീവ്യന്തി സുരേന്ദ്രമുഖ്യവിബുധശ്രേണീകിരീടസ്ഫുര-
ന്മാണിക്യപ്രതിബിംബിതാരുണപദസ്ഥാഃ സംപ്രദാഃ സമ്പദാം

12

ഹേ സഹ്യാദ്രിവിനിദ്രലിംഗവപുഷി ശ്രീ-ഏകവീരാംബികേ
ത്വാം കൃഷ്ണാഗരുഗുഗ്ഗുലുപ്രഭൃതിഭിർയേ ധൂപയന്ത്യാദരാത്
തേ കൈലാസനിവാസിനീഭിരഭിതഃ സഞ്ചാരിതൈശ്ചാരുഭി-
ർലീലചാമരമാരുതൈശ്ചിരതരം നന്ദന്തി രുദ്രാ  ഇവ

13

മാതഃ ശാംഭവി ജൃംഭിതാമൃതശിലാലിംഗാത്മികേ രേണുകേ
ത്വാം സഹ്യാദ്രിശിരോവിഹാരസുലഭാം നീരാജയന്ത്യാദരാത്
തേ ബൃന്ദാരകബൃന്ദവന്ദിതപദാശ്ചന്ദ്രാർകചൂഡാമണി-
ജ്യോതിമേദുരമന്ദിരാങ്കണഭുവോ ഭൃതിം ലഭന്തേദ്ഭുതാം

14

ദൂരാദങ്കണരങ്ഗസംഗതരജോരാജീവിരാജദ്വപു-
സ്തുഭ്യം യഃ പ്രതിപത്തിമംബ കുരുതേ കശ്ചിത് കദാചിത് ക്വചിത്
സംപ്രാപ്യ ശ്രിയമിന്ദുസുന്ദരയശഃസംദോഹനിഷ്യന്ദിനീ-
മന്തേ നിർവിഷയം സ്വയം പ്രവിശതി ശ്രീശാംഭവം വൈഭവം

15

ത്വാമുദ്ദിശ്യ കദാപി കോപി  കിമപി ക്വാപി പ്രപദ്യൻ നരോ

ഭക്ത്യാവേശവശീകൃതോ ജപതി വാ യോ യജ്ഞഹോത്യാദരാത്
തത് തസ്യാക്ഷയമേവ ദേവി ഭവതി സ്വർഗാപവർഗപ്രദം
ത്വന്നാമസ്മരണം ഗതോ വിജയതേ സർവോപി ശർവോ ജനഃ

16
മാതസ്ത്വച്ചരണേന യാസ്യതി ചിരം രുദ്രോപി ഭദ്രാശയ-
ശ്ചന്ദ്രചൂഡകലാമരീചിനിചയൈരാചാന്തരതസാനൈഃ
തത്ത്വാനാമുപരി സ്ഥിതോ വിജയതേ വാമാദിഭിർനാമഭിഃ
ശ്രീകാമേശ്വരി ദക്ഷപുത്രി ഗിരിജേ ത്വം രേണുകേ രക്ഷ മാം

17
മാതർഭൈരവി ഭർഗപതി ഗിരിജേ ഗായത്രി ഗോത്രാത്മികേ
ദുർഗേ ഗൗരി സരസ്വതി ത്രിണയനേ ശ്രീസിദ്ധലക്ഷ്മീ ധൃതേ
നിത്യേ മൃത്യുവികാരഹാരിണി ശിവേ ശ്രീ-ഏകവീരാംബികേ
സോഹം തേ ശരണാഗതഃ കരുണയാ ത്വം രേണുകേ രക്ഷ മാം

# സംസ്കൃതപഠനം (58)

**ഡി. പ്രകാശ്**

(കഴിഞ്ഞ ലക്കം തുടർച്ച)

**തം വേധാ വിദധേ നൂനം**
**മഹാഭൂതസമാധിനാ**
**തഥാ ഹി സർവേ തസ്യാസൻ**
**പരാർഥൈകഫലാ ഗുണാഃ 29**

പദച്ഛേദഃ - തം വേധാഃ വിദധേ നൂനം മഹാഭൂതസമാധിനാ തഥാ ഹി സർവേ തസ്യ ആസൻ പരാർഥൈകഫലാഃ ഗുണാഃ

## വിഭക്ത്യാദികൾ

| | |
|---|---|
| തം | ദകാരാന്തഃ പുംല്ലിഗഃ ദ്വിതീയാ ഏകവചനം |
| വേധാഃ | സകാരാന്തഃ പുംല്ലിഗഃ പ്രഥമാ ഏകവചനം |
| നൂനം | അവ്യയം |
| മഹാഭൂതസമാധിനാ | ഇകാരാന്തഃ പുംല്ലിഗഃ തൃതീയാ ഏകവചനം |
| തഥാ | അവ്യയം |
| ഹി | അവ്യയം |

| | |
|---|---|
| സർവേ | അകാരാന്തഃ പുംല്ലിഗഃ പ്രഥമാ ബഹുവചനം |
| തസ്യ | ദകാരാന്തഃ പുംല്ലിഗഃ  ഷഷ്ഠീ ഏകവചനം |
| പരാർഥൈകഫലാഃ | അകാരാന്തഃ പുംല്ലിഗഃ പ്രഥമാ ബഹുവചനം |
| ഗുണാഃ | അകാരാന്തഃ പുംല്ലിഗഃ പ്രഥമാ ബഹുവചനം |

## സമാസാദികാര്യങ്ങൾ

| | |
|---|---|
| മഹാഭ്രതസമാധിനാ | മഹാഭ്രതാനാം സമാധിഃ തേനസമാധി |
| സമാധിഃ | സമാധീയതേ അനേന ഇതി |
| പരാർഥൈകഫലാഃ | സമാധീയതേ അനേന ഇതി |

## ധാതുപദലകാരപുരുഷവചനങ്ങൾ

ആസൻ- അസ് ധാതുഃ പരസ്മൈപദീ ലങ് പ്രഥമപുരുഷഃ ബഹുവചനം

| | | |
|---|---|---|
| ആസീത് | ആസ്താം | ആസൻ |
| ആസീഃ | ആസ്തം | ആസ്ത |
| ആസം | ആസ്വ | ആസ്മ |

**വിദധേ- വി ഉപസർഗപൂർവക ഡുധാഞ് ധാതുഃ ആത്മനേപദീ  ലിട് പ്രഥമ പുരുഷഃ ഏകവചനം**

| | | |
|---|---|---|
| വിദധേ | വിദധാതേ | വിദധിരേ |
| വിദധിഷേ | വിദധാഥേ | വിദധിധ്വേ |
| വിദധേ | വിദധിവഹേ | വിദധിമഹേ |

## പദാർത്ഥങ്ങൾ

| | |
|---|---|
| തം | അവനെ |
| വേധാഃ | ബ്രഹ്മാവ് |
| നൂനം | തീർച്ചയായും |
| മഹാഭ്രതസമാധിനാ | മഹാഭ്രതസമാധിയാൽ |
| തഥാ | അപ്രകാരം |

| | |
|---|---|
| ഹി | അല്ലോ |
| സർവേ | എല്ലാം |
| തസ്യ | അദ്ദേഹത്തിന്റെ |
| പരാർത്ഥൈകഫലാഃ | അന്യർക്ക് ഉപകാരപ്പെടുന്നവ |
| ഗുണാഃ | ഗുണങ്ങൾ |

**അന്വയം / ഗദ്യക്രമം**

വേധാഃ തം മഹാഭൂതസമാധിനാ നൂനം വിദധേ. തഥാ ഹി തസ്യ സർവേ ഗുണാഃ പരാർത്ഥൈകഫലാഃ ആസൻ

**അന്വയാർത്ഥം**

ബ്രഹ്മാവ് അദ്ദേഹത്തെ മഹാഭൂതങ്ങളെക്കൊണ്ടാണ് സമാധിസ്ഥനായി തീർച്ചയായും വിധാനം ചെയ്തത്. എന്തെന്നാൽ അദ്ദേഹത്തിന്റെ എല്ലാ ഗുണങ്ങളും മറ്റുള്ളവർക്ക് ഉപകാരപ്പെടുന്നവ ആയിരുന്നു.

**സാരം**

ബ്രഹ്മാവാണല്ലോ എല്ലവരുടെയും സൃഷ്ടാവ്. മഹാഭൂതങ്ങളായ പൃഥിവി, ജലം, അഗ്നി, വായു, ആകാശം എന്നിവ കൊണ്ട് വളരെയധികം ശ്രദ്ധാപൂർവ്വമാണല്ലോ ദിലീപമഹാരാജാവിനെ സൃഷ്ടിച്ചത് എന്ന് കവി ഇവടെ ഉത്പ്രക്ഷിക്കുന്നു. എന്തെന്നാൽ ദിലീപമഹാരാജവിന്റെ എല്ലാ ഗുണങ്ങളും മനുഷ്യർക്കെല്ലാം പ്രയോജനപ്പെടുന്നതായിരുന്നു. പഞ്ചഭൂതങ്ങളുടെതായ ഗുണങ്ങളായ രൂപരസഗന്ധസ്പർശശബ്ദങ്ങൾ പ്രജകൾക്കെല്ലാം വളരെ ഉപകാരപ്പട്ടു. അതായത് അദ്ദേഹത്തിൽ നിന്ന് ലഭിച്ച എന്തും ജനങ്ങൾക്ക് വിലമതിയ്ക്കുന്നതായിരുന്നു. ഇതിനർത്ഥം സൂര്യവംശരാജാക്കന്മാരുടെ പ്രജാക്ഷേമതല്പരത ദിലീപമഹാരാജാവിൽ നിന്ന് മനസ്സിലാക്കാം. (തുടരും)

**മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം**

# പരമാർത്ഥസാരം (26)

**(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)**

**ഡോ. ദാമോദർ നാരായണൻ സി.എൻ.**

(കഴിഞ്ഞ ലക്കം തുടർച്ച)

ഇദാനീം മോക്ഷസ്വരൂപമാഹ.

**60. മോക്ഷസ്യ നൈവ കിഞ്ചിദ്ധാമാസ്തി ന ചാപി ഗമനമന്യത്ര**

**അജ്ഞാനഗ്രന്ഥിഭിദാ സ്വശക്ത്യഭിവ്യക്തതാ മോക്ഷഃ**

**സാരം**- ഇനി മോക്ഷസ്വരൂപത്തെ പറയുന്നു.

മോക്ഷത്തിന് ഒരു പ്രത്യേക സ്ഥാനമില്ല. വേറെയൊരിടത്തേക്ക് പോകാനുമില്ല. അജ്ഞാനഗ്രന്ഥിയെ ഭേദിച്ചുള്ള സ്വശക്തിയുടെ അഭിവ്യക്തതയാണ് മോക്ഷം.

**വിവൃതി**- **മോക്ഷസ്യ** പരാഹന്താചമത്കാരസാരസ്യ കൈവല്യസ്യ **ധാമ** വ്യതിരിക്തം സ്ഥാനം ന വിദ്യത ഏവ ദേശകാലാകാരാവച്ഛേദാഭാവാദത ഏവ **ന ചാപ്യന്യത്ര** കുത്രചിദ്വ്യതിരിക്തേ ഗമനം ലയോ മോക്ഷോ യഥാ ഭേദവാദിനാം മതേനോത്ക്രാന്ത്യാ ചക്രാധാരാദിഭേദനാദൂർദ്ധ്വം ദ്വാദശാന്തേ ലയ ഏവൈഷേവ മുക്തിരിതി. യദുക്തം-

വ്യാപിന്യാം ശിവസത്തായാമുത്ക്രാന്ത്യാ കിം പ്രയോജനം

അവ്യാപിനി പരേ തത്ത്വേ ഹ്യുത്ക്രാന്ത്യാ കിം പ്രയോജനം. ഇതി

ഏവം വിധാപ്യന്യേ തീർത്ഥാന്തരപരികല്പിതാ ബഹവോ മോക്ഷഭേദാഃ സന്തി തേ പ്രതന്യമാനാ ഗ്രന്ഥഗൌരവഭയമാനയന്തീതി നേഹ പ്രതന്യന്ത ഇതി സർവ്വത്ര ദ്വൈതമലസ്യ സംഭാവാദമോക്ഷേ മോക്ഷലിപ്സാ മോക്ഷാഭാസ ഏവ. കിം പുനർമ്മോക്ഷലക്ഷണമിത്യാഹ. അജ്ഞാന ഇത്യാദി. അജ്ഞാനം അഖ്യാതിജനിത ആത്മന്യനാത്മാഭിമാനപൂർവ്വോ∫നാത്മനി ദേഹാദാവാത്മാഭിമാനലക്ഷണോ മോഹഃ സഏവ പൂർണ്ണസ്വരൂപസങ്കോചദായിത്വാദ്ഗ്രന്ഥിരിവ ഗ്രന്ഥിഃ സ്വസ്വാതന്ത്ര്യലക്ഷണസ്യ നിജസ്യ വ്യാപിത്വാദേർദേഹാദ്യഭിമാനതയാ ബന്ധസ്തസ്യ ഭിത് ഭേദനം നിജപൂർണ്ണസ്വാത്മസ്വാതന്ത്ര്യപരിശീലനദാർഢ്യാദ്ദേഹാദ്യഭിമാനലക്ഷണസ്യ ഗ്രന്ഥേർവിദാരണം തേന ഹേതുനാ സ്വശക്തിഭിഃ സ്വാത്മസ്വാതന്ത്ര്യലക്ഷണൈർധർമ്മൈഃ അഭിവ്യക്തതാ സ്വാത്മശക്തിവികസ്വരതൈഷ ഏവ നിരതിശയ മോക്ഷ ഇതി. അയമാശയോ യഥാ സഹജനിത്യവ്യാപകത്ത്വാദിധർമ്മയുക്തമാകാശമപി ഘടാദിഭിത്തിബന്ധസങ്കുചിതം തത ഏവ തദേവാവ്യാപകത്ത്വാദിധർമ്മയുക്തം ഘടാകാശമിത്യുച്യത ആകാശാദ്ഭിന്നമിവ പ്രഥതേ പുനരപി ഘടാദിഭിത്തികൃതസങ്കോചഭംഗാത്തദേവ ഘടാദ്യാകാശം തദൈവ വ്യാപകത്ത്വാദി ധർമ്മയുക്തം സ്യാന്ന പുനസ്തസ്യ ഘടാദിഭംഗാന്നൂതനഃ കശ്ചിദ്ധർമ്മാവിർഭാവ ആയാതീതി. തഥൈവ ദേഹാദ്യഭിമാനകൃതസങ്കോചസങ്കുചിതം ചൈതന്യം ബദ്ധമിവേത്യുച്യതേ. തദേവ പുനഃ സ്വസ്വരൂപജ്ഞാനാഭിവ്യക്തേർദേഹാദിപ്രമാതൃതാബന്ധസംക്ഷയാത്സ്വശക്തിവിവേകവികസ്വരം മുക്തമിവേത്യഭിമാനമാത്രസാരൌ പരിമിതപ്രമാതൃപേക്ഷയാ ബന്ധമോക്ഷൌ ന പുനഃ പരമാർത്ഥേ സംവിത്തത്ത്വ ഏവം കിഞ്ചിത് സംഭവതീതി. തസ്മാന്മുക്തൌ നൂതനം ന കിഞ്ചിത് സാ

ദ്ധ്യതേ നിജമേവ സ്വരൂപം പ്രഥതേ. ഏതദേവ വിഷ്ണുധർമ്മേഷ്വപ്യുക്തം.

യഥോദപാനകാരണാത്ക്രിയതേ ന ജലാംബരം
സദേവ നീയതേ വ്യക്തിമസതഃ സംഭവഃ കുതഃ
ഭിന്നോ ദൃതൌ യഥാവായുർനൈവാന്യഃ സഹ വായുനാ
ക്ഷീണപുണ്യാഘബന്ധസ്തു തഥാത്മാ ബ്രഹ്മണാ സഹ

**പരിഭാഷ**- മോക്ഷത്തിന്, പരമമായ അഹന്തയുടെ ചമത്കാരത്തിന് അഥവാ കൈവല്ല്യത്തിന് വേറിട്ടുള്ള ഒരു പ്രത്യേക സ്ഥാനമില്ല. ദേശം കാലം തുടങ്ങിയ രൂപങ്ങളോട്ടു കൂടിയ ഒരു വേർതിരിവിന്റെ അഭാവത്താൽ. ഇപ്പോഴുള്ളതിൽ നിന്നും വേറിട്ട ഒരിടത്തേക്കുള്ള ഗമനം അഥവാ ഭേദവാദികൾ അഭിപ്രായപ്പെടുന്നതു പോലെ മൂലാധാരചക്രത്തിൽ നിന്നും ഉയർന്ന് സഹസ്രാരപത്മത്തിൽ ലയിക്കുന്ന പ്രകാരമുള്ള ലയം, മോക്ഷം എന്നിവയുമില്ല. അതിനുള്ള പ്രമാണം പറയുന്നു.

സർവ്വത്ര വ്യാപിച്ചിരിക്കുന്ന ശിവസത്തക്ക് ഉയർച്ച കൊണ്ടെന്തു പ്രയോജനം? സർവ്വവ്യാപിയല്ലാത്ത ആ സ്വരൂപത്തിന് ഉയർച്ച കൊണ്ടെന്തു പ്രയോജനം?

ഇപ്രകാരം മറ്റു ദാർശനികന്മാരാൽ കല്പിക്കപ്പെട്ട നിരവധി മോക്ഷഭേദങ്ങളുണ്ട്. അത് പരാമർശിച്ചാൽ ഗ്രന്ഥം വിസ്താരമേറിയതാകുമോ എന്ന ഭയത്താൽ ഇവിടെ പ്രതിപാദിക്കുന്നില്ല. ഇത്തരം ദർശനങ്ങളിലെല്ലാം ദ്വൈതമാകുന്ന മാലിന്യത്തിന്റെ സാന്നിദ്ധ്യമുള്ളതിനാൽ മോക്ഷമില്ലാത്ത ഒന്നിൽ മോക്ഷത്തിനുള്ള ആഗ്രഹം അതിനെ ഉള്ളതാക്കിത്തീർക്കും (മോക്ഷമെന്ന ഇല്ലാത്ത ഒരു വസ്തുവിനെ അതിനോടുള്ള ആഗ്രഹം ഉള്ളതാക്കിത്തീർക്കും). അങ്ങനെയെങ്കിൽ എന്താണ് മോക്ഷലക്ഷണം എന്നതു പറയുന്നു. അജ്ഞാനം എന്നു തുടങ്ങിയ ഭാഗത്തെക്കൊണ്ട്. അജ്ഞാനമെന്നാൽ അറിവില്ലായ്മയിൽ നിന്നുണ്ടാകുന്ന, അവനവനിൽ അതല്ലാത്തതിനെയും, ശരിയായ "ഞാൻ" എന്ന [പരമമായ]തല്ലാത്ത ദേഹാദികളിൽ ഞാനെന്നുള്ള അഭിമാനം എന്ന ലക്ഷണത്തോടു കൂടിയതുമായ മോഹം. അതാണ് പൂർണ്ണതയുടെ സങ്കോചത്തിന് കാരണമായി ഒരു കെട്ടായി (ബന്ധനമായി)രിക്കുന്നത്. കെട്ടെന്നാൽ തന്റെ സ്വാതന്ത്ര്യരൂപമാകുന്ന സർവ്വവ്യാപിത്വം തുടങ്ങിയവയുടെ ദേഹം തുടങ്ങിയവയിലേക്കുള്ള ചുരുങ്ങൽ. ആ ബന്ധനത്തെ ഭേദിച്ച് തന്റേതായ പൂർണ്ണമായ സ്വാതന്ത്ര്യമെന്ന ബോധത്തിന്റെ പരിശീലനത്തിൽ നിന്നുണ്ടായ ദൃഢത കാരണമായി ദേഹാദികളിലെ അഭിമാനമാകുന്ന ആ ബന്ധനത്തിന്റെ നാശം. ആ നാശത്തോടു കൂടി സ്വശക്തികളുടെ അഥവാ തന്റെ സ്വാതന്ത്ര്യലക്ഷണങ്ങളാകുന്ന ധർമ്മങ്ങളുടെ അഭിവ്യക്തതാ (വ്യക്തമാകൽ) അഥവാ തന്റെ തന്നെ ശക്തികളുടെ വികാസം ആണ്

ഏറ്റവും ശ്രേഷ്ഠമായ മോക്ഷം എന്ന അവസ്ഥ. ആശയം ഇതാണ്. നൈസർഗ്ഗികമായി നിത്യത്ത്വം സർവ്വവ്യാപിത്ത്വം എന്നിവയോടു കൂടിയ ആകാശം കുടം തുടങ്ങിയവയിൽ പ്രവേശിച്ച് സങ്കചിതമായിരിക്കുകയും അതിന്റെ ധർമ്മങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഘടാകാശമായി അറിയപ്പെടുകയും ചെയ്യുന്നു. പിന്നീട് ഘടാദിയാകുന്ന ഭിത്തികൾ നശിക്കുമ്പോൾ ആ സങ്കോചത്തിന് ഭംഗം വരികയും വീണ്ടും അത് സർവ്വവ്യാപകത്ത്വം തുടങ്ങിയ ധർമ്മങ്ങളോടു കൂടിയതാകുകയും ചെയ്യും. അതല്ലാതെ ഘടാദികളാകുന്ന സംകുചിതത്ത്വത്തിന്റെ നാശത്തിൽ നിന്ന് ആ മഹാകാശത്തിന് നൂതനമായ ഒരു രൂപമോ ധർമ്മമോ കൈവരുന്നില്ല. അതു പോലെ ദേഹാദികളാകുന്ന ആഭിമാനത്താൽ സങ്കുചിതമായ ആ പരമചൈതന്യം ബന്ധനസ്ഥമാണ് എന്നു തന്നെ പറയുമെങ്കിലും സ്വസ്വരൂപത്തിന്റെ ജ്ഞാനം ഉണ്ടായാൽ ദേഹാദിപ്രമാതാവാകുന്ന ബന്ധനം ഇല്ലാതാകുകയും സ്വശക്തിവിവേകത്തിന്റെ വികാസമുണ്ടായി മുക്തമായിത്തീരുന്നു. പരിമിതപ്രമാതാവായ ജീവനെ സംബന്ധിച്ചിടത്തോളം അഭിമാനത്തിന്റെ രൂപാന്തരണം മാത്രമാണ് മോക്ഷം (ദേഹാദികളാണ് ഞാൻ എന്ന അഭിമാനത്തിൽ നിന്ന് സർവ്വവും ഞാനാണെന്ന ബോധത്തിലേക്കുള്ള മാറ്റം). പരമമായതിലാകട്ടെ ഇതൊന്നും സംഭവിക്കുന്നുമില്ല. അതിനാൽ മുക്തനായാൽ പുതിയതായൊന്നും സംഭവിക്കുന്നില്ല. തന്റെ ശരിയായരൂപം വെളിപ്പെടുന്നു അത്രമാത്രം. വിഷ്ണുധർമ്മത്തിൽ ഇപ്രകാരം പറയുന്നു-

എപ്രകാരമാണോ കിണർ കുഴിക്കുന്നതിലൂടെ പുതിയ ഒരു ജലസമൂഹത്തിന്റെ സൃഷ്ടി ഉണ്ടാകാത്തത് അതു പോലെ സത്തായത് വ്യക്തമാകുകയാണ് ചെയ്യുന്നത് അസത്തിന്റെ ഒരു പുതിയ സൃഷ്ടിയല്ല ചെയ്യപ്പെടുന്നത്.

പുകയൂതുന്ന വായുനിറച്ച ഉപകരണം പൊട്ടിപ്പോകുമ്പോൾ സാധാരണ അന്തരിക്ഷത്തിലെ വായുവിൽ നിന്നും വേറിട്ട ഒരു വായു നഷ്ടപ്പെട്ടു പോകുന്നില്ല. അതു പോലെ പുണ്യപാപങ്ങളാകുന്ന കെട്ടുകൾ ഇല്ലാതാകുമ്പോൾ ജീവൻ ബ്രഹ്മത്തിൽ നിന്നും വേർപെട്ടു നില്ക്കുന്നില്ല.

ഏവം പ്രക്ഷീണാജ്ഞാനബന്ധോ ജ്ഞാനീ പരാനുഗ്രഹാർത്ഥം ശരീരമപി ധാരയൻ മുക്ത ഇത്യാവേദയതി.

**61. ഭിന്നാജ്ഞാനഗ്രന്ഥിർഗതസന്ദേഹഃ പരാകൃതഭ്രാന്തിഃ**

**പ്രക്ഷീണപുണ്യപാപോ വിഗ്രഹയോഗോഽപ്യസൌ മുക്തഃ**

**സാരം**- ഇപ്രകാരം അജ്ഞാനമാകുന്ന ബന്ധനം ഇല്ലാതായാലും ജ്ഞാനി മറ്റുള്ളവരെ അനുഗ്രഹിക്കുന്നതിനായിട്ട് ശരീരത്തെ ധരിച്ചവനായാലും മുക്തനായിത്തന്നെ കണക്കാക്കപ്പെടുന്നു എന്നതു കാണിക്കുന്നു.

ആർക്കാണോ അജ്ഞാനമാകുന്ന കെട്ട് നീക്കം ചെയ്യപ്പെട്ടിരിക്കുന്നത്,

സംശയങ്ങൾ ഇല്ലാതായിരിക്കുന്നത്, രണ്ടെന്ന ഭ്രാന്തി നഷ്ടമായിരിക്കുന്നത്, പുണ്യപാപങ്ങൾ ക്ഷീണിക്കപ്പെട്ടിട്ടുള്ളത്, അയാൾ ശരീരത്തോടു കൂടിയവ നായാലും മുക്തനാണെന്ന് കണക്കാക്കപ്പെടേണ്ടതാണ്.

**വിവൃതി-** ശരീരസംബന്ധേ/പി സ്വാത്മജ്ഞാനവിച്ഛരീരാദ്യഭിമാനാഭാ വാജ്ജീവന്നപി മുക്തഃ വികസ്വരശക്തിർഭവേത്. നനു വിഗ്രഹയോഗ ഏവ ബന്ധഃ കഥം തത്സംബന്ധേ/പ്യസൌ മുക്തഃ സ്യാദിത്യാഹ. ഭിന്ന ഇത്യാദി. ഭിന്നോ വിദാരിതോ/ജ്ഞാനരൂപോ ഗ്രന്ഥിരപൂർണ്ണത്വഖ്യാതിസമുത്ഥോ ദേ ഹാദ്യഭിമാനരൂപോ ബന്ധോ യേന സ ഏവം. തഥാ ഗതസന്ദേഹഃ ഇത്യത ഏവ നഷ്ടസംശയഃ. പരാകൃതാ ന്യക്കൃതാ പരാദ്വയജ്ഞാനാലാഭാത് ഭ്രാന്തി ദ്വയരൂപോ ഭ്രമോ യേന സ തഥേതി. ഏവം പരിശീലനേന പ്രക്ഷീണാനി പു ണ്യാപുണ്യാനി വിഗളിതസംസ്കാരാണി ദേഹാത്മമാനിത്വാഭാവാദ്ധർമ്മാധർ മ്മാണി യസ്യ സ ഏവം വിധ ഇതി. അനേന അജ്ഞാനമേവ ബന്ധഃ ഇതി പ്രതിപാദിതം. തച്ച വിഗ്രഹയോഗോ/പി യസ്യ പ്രക്ഷീണം സ തദൈവ ജീവ ന്നേവ മുക്തോ ന പുനഃ ശരീരയോഗോ ബന്ധസ്തദപഗമോ മുക്തിരിതി കിം തു ദേഹപാതാത്പൂർണ്ണോ മോക്ഷ ഇതി.

**പരിഭാഷ-** ശരീരത്തിനോടു ബന്ധപ്പെട്ടിരിക്കുമ്പോഴും ജ്ഞാനി തന്റെ സ്വരൂപത്തെ അറിഞ്ഞതിനാൽ ശരീരാഭിമാനമില്ലാത്തവനായി ജീവിച്ചിരി ക്കുമ്പോഴും മുക്തനായി അഥവാ വികസിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ശക്തി യോടു കൂടിയവനായിത്തീരുന്നു. ഇവിടെ ഒരു ചോദ്യം ഉന്നയിക്കപ്പെടാം ശരീ രത്തോടു ചേരുന്നതല്ലേ ബന്ധം? അങ്ങനെ ചേർന്നിട്ടും ഒരാൾ എങ്ങനെ മുക്തനായിത്തീരുന്നു? അതിനുള്ള ഉത്തരം പറയുന്നു, ഭിന്ന എന്ന ശ്ലോകഭാ ഗം കൊണ്ട്. ഭിന്നമായ അഥവാ ഇല്ലാതാക്കപ്പെട്ട ദേഹാദ്യഭിമാനമാകുന്ന അജ്ഞാനമാകുന്ന കെട്ടോടു കൂടിയവനാണ് ജ്ഞാനി. അതു പോലെ സംശ യങ്ങളെല്ലാം നഷ്ടമായവനാണ്. പരാദ്വയജ്ഞാനത്താൽ ഇല്ലാതാക്കപ്പെട്ട രണ്ടെന്നുള്ള ബോധമാകുന്ന ഭ്രാന്തിയോടു കൂടിയവനാണ്. ഇപ്രകാരം പരാ ഹന്തയുടെ പരിശീലനത്താൽ ക്ഷീണിതമാക്കപ്പെട്ട പുണ്യപാപങ്ങളോടു കൂടി എന്നാൽ സംസ്കാരങ്ങളില്ലാതായി ദേഹമാണ് ഞാൻ എന്ന അഭിമാനം ഇല്ലാ ത്തതിനാൽ ധർമ്മാധർമ്മങ്ങളും നഷ്ടമായവനാണ്. ഇങ്ങനെയെല്ലാം അജ്ഞാനമാണ് ബന്ധനം എന്നത് വിശദീകരിച്ചു. ആ ശരീരത്തോടു കൂടിയാലും ആർക്കാണോ ആ അജ്ഞാനം ക്ഷീണിക്കപ്പെട്ടിരിക്കുന്നത് അയാൾ ജീവിച്ചിരിക്കുമ്പോഴും മുക്തനാണ്. അതിനാൽ ശരീരത്തോടു കൂടിയ സംബന്ധം ബന്ധനവും അതിന്റെ വിയോഗം മുക്തിയും ആകുന്നില്ല. എന്നാൽ ദേഹനാശം മുഴുവനായ മുക്തിക്കു കാരണമാകുന്നു.

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (18)

**ഡോ. മുരളീകൃഷ്ണൻ എം.വി.**

(കഴിഞ്ഞ ലക്കം തുടർച്ച)

സ്തുതി- 21

**യുക്തം സുധാകരസുധാകരകദ്യുസിന്ധു-**

**തോയാദി യന്മനസി താപമപാകരോതി**

**യസ്യാങ്ഗസങ്ഗി ശവഭസ്മകപാലമാലാ-**

**ഹാലാഹലാഹിദഹനാദ്യപി ഹൃദ്യമേവ**

**അർത്ഥം**- ചന്ദ്രൻ, അമൃതകലശം, ഗംഗാജലം എന്നീ പദാർത്ഥങ്ങൾ ഏതൊരു ഭക്തന്റെ മനസ്സിലുള്ള ദുഃഖത്തേയാണോ ഇല്ലാതാക്കുന്നത്, അത് യുക്തമാണ്. എന്നാൽ ആശ്ചര്യജനകമായത് എന്തെന്നാൽ ആരുടെ അംഗ സ്പർശത്താലാണോ ചിതാഭസ്മം, മുണ്ഡമാലാ, കാളകൂടവിഷം, സർപ്പം, അഗ്നി എന്നിവ മനോഹരമാകുന്നത്, ആ മഹിമാശാലിയായ ഈശ്വരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 22

**മൂർത്തിഃ ക്രിമേഃ ശതപദീ ശ്രവണം പ്രവിഷ്ടാ**

**ദൃഷ്ടാ രുജാമസുഹൃതം സൃജതീ ജനാനാം**

**സൗരീ തനുർനനു സഹസ്രപദീ യദീയ-**

**നേത്രസ്ഥിതാ ഹരതി മൃത്യുഭയം ശ്രിതാനാം**

**അർത്ഥം**- കർണ്ണങ്ങളിൽ പ്രവേശിക്കുന്ന നൂറ് കാലുകളുള്ള കർണസർപ്പിണി എന്ന പേരിലുള്ള കൃമിയുടെ കീടം പ്രാണികൾക്ക് പ്രാണൻ പോകുന്ന പീഡനത്തെ നൽകുന്നത് കാണുന്നു. എന്നാൽ ആരുടെ ദഹിപ്പിക്കുന്ന കണ്ണുകളിൽ സ്ഥിതിചെയ്യുന്ന സഹസ്രപദങ്ങളോട്ടു (കിരണങ്ങളോട്ടു) കൂടിയ സൂര്യന്റെ മൂർത്തിയാണോ ശരണാഗതർക്ക് മൃത്യുഭയത്തെ ഇല്ലാതാക്കുന്നത്, ആ ശരണാഗതവത്സലനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 23

**ആകർണ്യഃ യഃ കൃപണമാർതവചഃ കൃപാബ്ധി-**

**രാധൂതമൂർധസുരനിർഝരിണീകണൗഘൈഃ**

**ഉത്സങ്ഗസങ്ഗതഗിരീന്ദ്രസുതാകുചാഗ്ര-**

**സംസക്തമൗക്തികമണീന്ദ്വിഗുണീകരോതി**

**അർത്ഥം**- ഏത് കൃപാനിർഭരനായ പ്രഭുവിനാണോ ആർത്തജനങ്ങളുടെ ഉച്ചത്തിലുള്ള സങ്കടവാക്കുകൾ കേട്ട് പ്രസന്നതയും ദയാർദ്രവുമാകുന്നത്,

അതുപോലെ സ്വന്തം ശിരസ്സിനെ കുലുക്കിക്കൊണ്ട് ഗംഗയുടെ ജലകണങ്ങൾ കൊണ്ട് തന്റെ തുടയിൽ ഇരിക്കുന്ന പാർവ്വതിയുടെ സ്തനപ്രദേശത്തെ മുത്ത് രത്നങ്ങളെ ഇരട്ടിയാക്കുന്നത്, അദ്ദേഹത്തെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 24

**ഉദ്ഗാഢഭക്തിവിധുരവ്യപനീതതീവ്ര-**

**ദോഷാന്ധകാരമതിമാത്രശുചി പ്രകാശം**

**പീയൂഷമുദ്വമതി യസ്യ വിവിക്തവർണം**

**കർണാന്തഗാമി വചനം ച വിലോചനം ച**

**അർത്ഥം**- ഏത് പ്രഭുവിന്റെ അഭയവചനങ്ങൾ അല്ലെങ്കിൽ മൂന്ന് കണ്ണുകൾ ആണോ- അവ ക്രമത്തിൽ അത്യന്തം ദൃഢമായതും, ഭക്തരായ പീഡിതരുടെ അവിദ്യാരൂപിയായ അന്ധകാരത്തെ അകറ്റുന്നതും, അതിശയ നിർമലവും, വ്യക്തവും, വീണ്ടും വീണ്ടും വർണങ്ങളോടു കൂടിയതും ഭക്തജനങ്ങളുടെ കർണങ്ങളിൽ എത്തിച്ചേരുന്നതുമാകുന്നത്, അപ്രകാരം അത്യന്തം ദൃഢമായ ശോഭയാൽ സമ്പന്നമായ ചന്ദ്രനും സൂര്യനും രാത്രിയുടെ ഗാഢമായ അന്ധകാരത്തെ അകറ്റുന്നതും, അത്യന്തം പവിത്രമായ അഗ്നിയുടെ പ്രകാശത്താൽ യുക്തമായതും, വീണ്ടും വീണ്ടും വെളുത്തതും, കറുത്തതും, ചുവന്ന നിറത്തോടു കൂടിയതും, ചെവികൾ വരെ വിസ്തൃതമായതുമായതും ആ കണ്ണുകളോടുകൂടിയ, എപ്പോഴും അമൃതത്തെ പ്രവഹിപ്പിക്കുന്നതുമായ ആ ശങ്കരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 25

**പാത്രീഭവന്തി ന യദങ്ഘ്രിസരോജരേണു-**

**മൈത്രീപവിത്രശിരസഃ സ്ഥിരസത്യവാചഃ**

**സാടോപകോപവികടഭ്രുകുടിച്ഛടാനാ-**

**മുത്താലകാലഭടവക്ത്രവിഭീഷകാണാം**

**അർത്ഥം**- ഏതൊരു പ്രഭുവിന്റെ ചരണകമലങ്ങളിലെ പൊടികൊണ്ടാണോ പവിത്രമായ ശിരസ്സോടുകൂടിയ ഗംഭീരമായ സത്യഭാഷികളായ ഭാഗ്യവാന്മാരായ ജനങ്ങൾ, തീവ്രമായ കോപത്താൽ അത്യന്തം ബീഭത്സമായ പുരികങ്ങളാൽ വലുതായ യമദൂതരുടെ മുഖത്തെ ഭയജനകമായ വികൃതമായ ദൃശ്യങ്ങൾക്ക് പാത്രമാകാത്തത്, അതായത് യമദൂതരുടെ മുഖത്തെ കാണാത്തത്, ആ ഈശ്വരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 26

**സൂക്തിം ശുചിം ശ്രവണയോരമൃതം സ്രവന്തീം**

**വക്രാമഭങ്ഗുരഗുണാം മഹതീം വഹന്തഃ**

**ഗായന്തി യം ശ്രിതവതഃ പരിശുദ്ധവംശ-**

**വിദ്യാ യശാംസി കവയഃ പരിവാദകാശ്ച**

**അർത്ഥം**- അത്യന്തം പവിത്രവും ശ്രോതാക്കൾക്ക് അമൃതിനെ വർഷിക്കുന്നതും, ഔപചാരികമായ വക്രപദങ്ങളോട്ടുകൂടിയതും ഓജസ്സും പ്രസാദവും ഇത്യാദി ദൃഢഗുണങ്ങളാൽ സമ്പന്നമായതുമായ സൂക്തികളെ (സുന്ദരങ്ങളായ മൊഴികൾ) ധരിച്ചിരിക്കുന്നതുമായ വിശുദ്ധവംശരും വിദ്യാസമ്പന്നരുമായ കവികളും, അപ്രകാരം സ്വരമാധുര്യമുള്ളതും, ശ്രോതാക്കളുടെ ചെവിയിൽ അമൃതിനെ വർഷിക്കുന്നതും, വളഞ്ഞതും ദൃഢമായതുമായ തന്ത്രികളോട്ടുകൂടിയ വീണയെ വായിക്കുന്ന ശ്രേഷ്ഠരായ സംഗീതജ്ഞർ ആരുടെ ശരണാഗതരായ ഭക്തരുടെ സുപവിത്രമായ യശസ്സിനേയാണോ പാടുന്നത്, ആ പ്രഭുവിനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 27

**യത്സേവകസ്യ മദനോൽബണബാണപൂഗ-**

**ക്രാന്താലികാന്തവികസത്തിലകോജ്ജ്വലശ്രീഃ**

**സേവ്യാ ഭവത്യവസരേ കലകണ്ഠനാദ-**

**ഹൃദ്യാ വധൂഃ കുസുമിതോപവനസ്ഥലീ ച**

**അർത്ഥം**- കാമദേവന്റെ കഠിനങ്ങളായ അഞ്ചു ബാണങ്ങളേയും വശത്താക്കിയവളും, നെറ്റിയുടെ മധ്യത്തിൽ ശോഭിച്ചിരിക്കുന്ന കുറിയുടെ അത്യുജ്ജ്വലമായ കാന്തിയോടു കൂടിയതും, കുയിലിനു സമാനമായി സുമധുരമായി ശബ്ദത്തോടുകൂടിയ ഋതുമതിയായ വധുവിനേയും, അപ്രകാരം കാമദേവന്റെ ഉന്നതങ്ങളായ ബാണങ്ങൾ അല്ലെങ്കിൽ അടയ്ക്കാവൃക്ഷങ്ങളാൽ നിറഞ്ഞിരിക്കുന്നതും, വണ്ടുകളാൽ സേവിക്കപ്പെട്ട് വികസിതമായ തിലക വൃക്ഷങ്ങളുടെ മനോഹരമായ കാന്തിയോടു കൂടിയതും, കുയിലിന്റെ മനോഹരമായ ശബ്ദത്താൽ രമണീയമായ ഉദ്യാനത്തേയും ഉചിതമായ സമയത്ത് ഏതൊരു സേവകനാണോ ഉപയോഗിക്കാൻ കഴിയുന്നത്, അവർ സേവിക്കുന്ന ആ പ്രഭുവിനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 28

**യസ്മിന്നഖിന്നമനസോ വ്യസനാവസന്ന-**

**സന്താപശാന്തികൃതസമ്മതയോ വസന്തി**

**കാത്യായനീ ച കരുണാ ച കലാ ച ചാന്ദ്രീ**

**സ്നിഗ്ധാ ച ദൃക് സുരസരിച്ച സരസ്വതീ ച**

**അർത്ഥം**- സംസാരദുഃഖങ്ങളിൽ വിഷമിച്ചിരിക്കുന്ന ഭക്തജനങ്ങളുടെ എല്ലാവിധ ദുഃഖങ്ങളേയും ശാന്തമാക്കുന്നതുനുവേണ്ടി പരസ്പരം ഒന്നിച്ച് സമ്മതിച്ച പാർവതിദേവി, കരുണാ, ചന്ദ്രകലാ, ദയാർദ്രമായ ദൃഷ്ടി, ദേവഗംഗാ, സരസ്വതീ എന്നിവർ ഏതൊരാളുടെ മംഗളമയമായ ദിവ്യമായ ശരീരത്തിലാണോ ഗാഢമായ പ്രേമത്താൽ എപ്പോഴും നിവസിക്കുന്നത്, ആ ദയാസിന്ധുവായ പരമേശ്വരനായ ഭഗവാൻ ശങ്കരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 29

**സന്താപസംപദപഹാരപടൂനി സിദ്ധ-**

**സിന്ധോരിവേന്ദുധവളാനി ജലാനി യസ്യ**

**ആകല്പയന്തി മദയന്തി പവിത്രയന്തി**

**സഞ്ജീവയന്തി ച ജഗന്തി ഭൃശം യശാംസി**

**അർത്ഥം**- സമസ്തങ്ങളായ ദുഃഖങ്ങളുടെ കൂട്ടത്തേയും ശാന്തമാക്കുവാൻ അതിസമർത്ഥനും, അതുപോലെ ചന്ദ്രനു സമാനമായി നിർമലമായതുമായ ഏതൊരു പ്രഭുവിന്റെ യശസ്സ്, ഗംഗാജലത്തിനു സമാനമായി എല്ലാ ലോക ത്തേയും അത്യന്തം അലങ്കരിച്ചും, പരമമായ ആനന്ദത്തേയും, അതിപവിത്രമാ യതും, ജീവനെ നൽകുന്നതുമാണ്, ആ ഭഗവാൻ ശിവനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 30

**ദുഷ്കാലസങ്കടകടാഹകദർഥിതാനാം**

**തീവ്രാഭിമാനമനസാം ഘനസാരഭാംസി**

**ഭിന്ദന്ത്യമന്ദഹരിചന്ദനബിന്ദുവൃന്ദ-**

**സന്ദോഹദോഹദമഹോ ചരിതാനി യസ്യ**

**അർത്ഥം**- ഹോ! ആരാണോ കർപ്പൂരത്തിനു സമാനമായി പവിത്രമായത്, ചരിത്രങ്ങൾ വരൾച്ചയോടും കലികാലത്രുപിയായിട്ടും സങ്കുചിതമായി വിഷമി ച്ചിരിക്കുന്ന മഹാ അഭിമാനികളായ ജനങ്ങൾക്ക് പരമമായ ശാന്തിയെ നൽകി, അതിഗാഢമായ ഹരിചന്ദനപ്രവാഹത്തിൽ മുങ്ങുവാനുള്ള അഭിലാ ഷത്തെ ശാന്തമാക്കുന്നത്, ആ ഭഗവാൻ ശങ്കരനെ ഞാൻ ശരണം പ്രാപിക്കു ന്നു.

സ്തുതി- 31

**ഫുല്ലാരവിന്ദമകരന്ദധൃതപ്രസങ്ഗ-**

**ഭൃങ്ഗാങ്ഗനാഗുമഗുമാരവഗീതിഗർഭം**

**ഗായന്തി യസ്യ ചരിതം ഹരിതാമധീശാ**

**ധീശാലിനഃ കമലിനീപുളിനസ്ഥലീഷു**

**അർത്ഥം**- വിവേകശാലികളായ ഇന്ദ്രാദി ദിക്പാലർ ദേവസരസ്സിന്റെ തട ങ്ങളിൽ വിരിഞ്ഞ താമരപ്പൂക്കളുടെ തേനിൽ അത്യന്തം അനുരാഗത്തിലായ പെൺവണ്ടുകളുടെ ഗും ഗും ശബ്ദത്തിലുള്ള ഗാനത്തിൽ രൂപം നൽകിയ ആരുടെ അത്ഭുത-അനുപമമായ ചരിത്രങ്ങളേയാണോ പാടുന്നത്, ആ പ്രഭു വിനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 32

**വ്യക്തോജ്ജ്വലാളികചിതം മുഖമായതാക്ഷം**

**വിസ്തീർണകർണികമനർഗളത്രുഢനാളം**

**യം ശംസതോധിവസതി സ്വയമുക്തിദേവീ**

**രാജീവസദ്മകമലാവിജിഗീഷയേവ**

**അർത്ഥം**- വ്യക്തവും ഉജ്ജ്വലമായ വണ്ട് കൂട്ടങ്ങളാൽ ശോഭിതവും, വിശാല മായ ബീജത്തോടും വലിയ വലിയ കർണികകളോടും മനോഹരങ്ങളായ നാളത്തോടും കൂടിയ താമരയിൽ മഹാലക്ഷ്മി വസിക്കുന്നു. അതുകൊണ്ട് തന്നെ മഹാലക്ഷ്മിയെ ജയിക്കുന്നതിനായി സരസ്വതിദേവി, ആ സദാശിവനെ സ്തുതിക്കുന്ന ഭക്തരുടെ വ്യക്തവും ജ്വലിക്കുന്നലും ഉജ്ജ്വലമായതുമായ നെറ്റിയിലും, വിശാലമായ നേത്രങ്ങളിലും, വലിയ കർണകുണ്ഡലങ്ങളിലും, മനോഹരമായ കണ്ഠത്തിലും മുഖത്തും സ്വയം വിരാജിക്കുന്നു. ആ ശരണാഗതനായ ഭഗവാൻ ശങ്കരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 33

**ആപന്നബാന്ധവമബന്ധ്യവചോവിലാസ-**

**മാസന്നമജ്ജനനമജ്ജനസാന്ത്വനേഷു**

**ദേവം സുധാകരകിശോരകൃതാവതംസം**

**തം സംശ്രിതാർതിഹരണം ശരണം ശ്രയാമി**

**അർത്ഥം**- മായ അല്ലെങ്കിൽ മോഹരൂപിയായ തരങ്ഗങ്ങളാൽ വ്യാകുലമായ സംസാരത്തിന്റെ അരികിൽ, ഭാവിയിലെ കാര്യങ്ങളിൽ മുങ്ങിപ്പോയ ഭക്തർക്ക് പേടിക്കേണ്ട! പേടിക്കേണ്ട! എന്നീ പ്രകാരത്തിലുള്ള ധൈര്യത്തെ നൽകുന്നതിന് ആരുടെ വാഗ്വിലാസമാണ് എല്ലായ്പ്പോഴും അടിപതറാതെ ഉണ്ടാകുന്നത്, ആ ശരണാഗതരോട് ഏകമാത്രമായ അഭിന്നമായ ബാന്ധവത്തേയും ബാലചന്ദ്രനെ ശിരോഭൂഷണവും ഉണ്ടാക്കുന്നതാരാണോ, ആ ശരണാഗതനായ സ്വയം പ്രകാശമായ ശങ്കരനെ ഞാൻ ആശ്രയിക്കുന്നു.

സ്തുതി- 34

**ദേവം ശ്രയാമി തമഹം മുകുടോരഗേന്ദ്ര-**

**സ്ഫൂർജത്ഫണാമണിസഹസ്രമിഷേണ യസ്യ**

**ഭാലാനലേന സുരസിന്ധുജലോക്ഷിതേന**

**പ്രോന്മുക്തമങ്കുരസഹസ്രമിവാചകാസ്തി**

**അർത്ഥം**- ആരുടെ ശിരസ്സിൽ സ്ഥിതിചെയ്യുന്ന സർപ്പരാജന്റെ സഹസ്രഫണങ്ങളിൽ ശോഭിക്കുന്ന ആയിരം മുത്തുകളാണോ അദ്ദേഹത്തിന്റെ ശിരസ്സിൽ വിരാജിക്കുന്ന ഗംഗയുടെ ജലത്താൽ മുങ്ങി മൂന്നാംകണ്ണിന്റെ അഗ്നിയാൽ സഹസ്ര അങ്കുരങ്ങൾ പോലെ ശോഭിച്ചിരിക്കുന്നത്. ആ സ്വയം പ്രകാശകനായ ദേവാധിദേവനായ മഹാദേവനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 35

**സാനുഗ്രഹോത്തമഗണാശ്രിതപാദമൂലം**

മൂർധ്നാ ധൃതാഭ്രസരിതം സതുഷാരമൂർത്തിം
ആസേവിതം വിഷധരൈഃ കടകേഷു താപ-
ശാന്ത്യൈ ഗിരീശമതിഹൃദ്യഗുഹം ശ്രയാമി

**അർത്ഥം**- (എപ്രകാരമാണോ ഏതൊരു ദുഃഖ സംതപ്തമായ ജീവികൾ സ്വന്തം ദുഃഖ വ്യഥകളെ ഇല്ലാതാക്കുന്നതിന് വേണ്ടി ആ ഗിരീശനായ ഹിമാല യത്തെ ശരണം പ്രാപിക്കുന്നത്, ആരാണോ പർവ്വതമൂലത്തിൽ ഇരിക്കുന്ന നന്ദീ, ഭൃങ്ഗീ ഇത്യാദികളായ ശിവഗണങ്ങളാൽ സേവിക്കപ്പെടുന്നത്, ആരാണോ ശിരസ്സിൽ ഗംഗയെ ധരിച്ച് സ്വച്ഛശീതളമായ ഹിമത്താൽ ശോഭി ക്കപ്പെടുന്നത്, മധ്യത്തിൽ മേഘങ്ങളാൽ സുസേവിതമാകുന്നത്, അതിമനോ ഹരങ്ങളായ ഗുഹകളോടു കൂടിയത്) ഞാൻ എന്റെ സമസ്ത ദുഃഖങ്ങളുടെയും ബുദ്ധിമുട്ടിനെ ഇല്ലാതാക്കുന്നതിനനു വേണ്ടി ശരണാഗതർക്ക് മഹത്തായ അനുഗ്രഹത്തെ നൽകുന്ന നന്ദീ, ഭൃങ്ഗീ ഇത്യാദി ഗണനായകരെ സേവിച്ച്, ശിരസ്സിൽ ഗംഗയെ ധരിച്ച്, സ്വച്ഛ-ശീതളമായ അമൃതമൂർത്തിയായ ചന്ദ്ര നാൽ വിരാജിക്കപ്പെട്ട്, കൈകളിൽ വിഷധരങ്ങളായ സർപ്പങ്ങളെ ഭൂഷണം ചെയ്ത്, സുബ്രഹ്മണ്യനോടുകൂടി പരമമായ പ്രീതിയിൽ ഇരിക്കുന്ന കൈലാസ വാസിയായ ശങ്കരനെ ശരണം പ്രാപിക്കുന്നു. (തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം



# 39

ഉണ്ണികൃഷ്ണൻ കിഴുത്താണി    ഫോൺ : 0480 2832108

**(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)**

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രിയശാംഭവി കൂട്ടുകാരേ

പുണ്യം പ്രദാനം ചെയ്യുന്ന, അതിവിശിഷ്ടമായ രാമായണമാസത്തിലൂടെ യാണ് നമ്മൾ കടന്നുപോയിരിയ്ക്കുന്നത്. വാല്മീകി മഹർഷിയുടെ മഹനീയാ ദർശങ്ങൾക്ക് ആക്കവും, തൂക്കവും വർദ്ധിപ്പിയ്ക്കേണ്ടത് ഇപ്പോൾ കാലഘട്ട ത്തിന്റെ ആവശ്യം കൂടിയായി മാറിയിരിയ്ക്കുന്നു. ഏഴുവന്മരങ്ങൾ ഞൊടിയ്ക്കുള്ളിൽ എയ്ത് വീഴ്ത്തിയ അസ്ത്രം വീണ്ടും ആവനാഴിയിൽ തിരിച്ചെ ത്തിച്ച ശ്രീരാമന്റെ അസ്ത്രവിദ്യാസാമർത്ഥ്യത്തിൽ സുഗ്രീവൻ അതീവസന്തുഷ്ട നായി, അദ്ദേഹത്തെ നമസ്കരിച്ചു. പിന്നീട് അധികം താമസിയാതെ ബാലിയെ പോരിന് വിളിയ്ക്കുകയാണുണ്ടായത്. ബാലിസുഗ്രീവയുദ്ധംപോലെ എന്ന ശൈ ലിയ്ക്കടിസ്ഥാനമായ ഘോരയുദ്ധമാണവിടെ പിന്നീട് അരങ്ങേറിയത്. ദ്വന്ദ്വയു ദ്ധത്തിന്നിടയിൽ രണ്ടുപേരേയും തിരിച്ചറിയാനാകാതെ സാക്ഷാൽ ശ്രീരാ മൻ പോലും വിഷമിച്ചു. അജയ്യനായ ബാലിയുടെ ചടുലമായ യുദ്ധതന്ത്രങ്ങൾക്കുമുമ്പിൽ നിസ്സഹായനായി, ശരീരമാസകലം മുറിവേറ്റ സു

ഗ്രീവന് അവസാനം അടിയറവ് പറയേണ്ടിവന്നു. ശ്രീരാമനിർദ്ദേശാനുസരണം പരസ്പരം തിരിച്ചറിയാനായി സുഗ്രീവനെ വലിയൊരു വനമാലയിടീച്ച് ഉടൻതന്നെ ബാലിയെ ദ്വന്ദ്വയുദ്ധത്തിനായി വെല്ലുവിളിച്ചു. തോറ്റോടിയ ശത്രു അസമയത്ത് വർദ്ധിതവീര്യത്തോടെ യുദ്ധസന്നദ്ധനായി വരുന്നതിൽ ദുരൂഹതയുണ്ടെന്നും പിന്നിൽ കരുത്തരായ സഹായികളുണ്ടായിരിയ്ക്കാമെന്നും, അതുകൊണ്ടുതന്നെ പുലർന്നതിനുശേഷം അനന്തരനടപടികൾ കൈക്കൊള്ളുകയാണ് ഉചിതമായിരിയ്ക്കുമെന്നുള്ള, പത്നി താരയുടെ സാരോപദേശങ്ങളൊന്നും തന്നെ വീരശൂരപരാക്രമിയും, തികഞ്ഞ ധാർഷ്ട്യത്തിനുടമയുമായ ബാലി സ്വീകരിയ്ക്കാൻ തയ്യാറായില്ല. മാത്രമല്ല മരണം മാടി വിളിയ്ക്കുന്നവരെ മറ്റൊരുശക്തിയ്ക്കും തടുത്തുനിർത്താനാകില്ലെന്നു താരോപദേശം വ്യക്തമാക്കുന്നു.

വാല്മീകി രാമായണത്തെ സംബന്ധിച്ചിടത്തോളം 'താരോപദേശം' അതീവ പ്രാധാന്യമർഹിയ്ക്കുന്നു. ഭർത്താവിനെ ആപൽഘട്ടങ്ങളിൽനിന്ന് ഏതുവിധത്തിലും സംരക്ഷിയ്ക്കുക ഭാര്യയുടെ പ്രഥമവും പ്രധാനവുമായ കടമയാണ്. പക്ഷേ അതിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തവും, വിവേകപൂർണ്ണവും, അനുപമവുമാണ് താരോപദേശത്തിലൂടെ വാല്മീകി പറഞ്ഞുതരുന്നത്. ആശ്രിതവത്സലനായ ശ്രീരാമൻ ഒരിയ്ക്കലും അങ്ങയുടെ മാത്രമല്ല ആരുടേയും ശത്രുവല്ല. സത്ഗുണസമ്പന്നരോടായിട്ടാണ് അദ്ദേഹത്തിന്റെ സഹവാസം, "ധർമ്മപരിപാലനം ജീവിതവ്രതമാക്കിയ ശ്രീരാമനെ മുൻനിർത്തി അങ്ങ് അനുജനായ സുഗ്രീവനെ ഉടനെ യുവരാജാവായി വാഴിച്ചാൽ മാത്രമേ ഈ കലഹത്തിനൊരവസാനമുണ്ടാവുകയുള്ളൂ" എന്ന താരോപദേശം ദേശകാലാതിവർത്തിയാണ്. "അനുരഞ്ജനത്തിന്റെ വാതിൽ തുറക്കുന്നതോടെ വൈരത്തിന്റെ വാതിൽ അടഞ്ഞുപോകുന്നു" എന്ന വാല്മീകി വചനം എത്രമാത്രം അർത്ഥവത്താണെന്ന്, കുട്ടികാർ കൂടുതൽ വളർന്നാൽ കൂടുതൽ മനസ്സിലാകും. ശ്രീരാമനെപ്പോലെ സാത്വികരായവരെ സഹായികളായി ലഭിയ്ക്കുന്നത് അഭിമാനമായി കാണണമെന്ന താരയുടെ ബുദ്ധിപൂർവ്വമായ ഉൾക്കാഴ്ച്ചയും, ഉചിതജ്ഞതയും അനുവാചകനെക്കൂടി ഉയർന്ന്, ഉണർന്ന് ചിന്തിയ്ക്കാൻ പ്രേരിപ്പിയ്ക്കുന്നു. സഹോദരസ്ഥാനത്തെക്കുറിച്ചുള്ള താരയുടെ വിലയിരുത്തൽ മഹത്തരമെന്നേ വിശേഷിപ്പിക്കാവൂ. രാമായണത്തിലെ പഞ്ചനാരികളിൽ ഒരാളായി ഉയരാനും, വളരാനും താരയെ പ്രാപ്തയാക്കിയത് മേല്പറഞ്ഞ ഗുണഗണങ്ങൾ തന്നെയാണ്.

സഹോദരന്മാരിരുവരുടേയും ഏറ്റുമുട്ടൽ സമാനതകളില്ലാത്തതായിരുന്നു. സമയം അതിക്രമിയ്ക്കും തോറും സുഗ്രീവൻ ക്ഷീണിതനാകുകയാണെന്നറഞ്ഞ ശ്രീരാമൻ ബാലിയെ ലക്ഷ്യമാക്കി കാലപാശംതന്നെ അയച്ചു. എന്നാൽ ആ രാമബാണം ബാലിയ്ക്ക് മോക്ഷദായകമാ

യിമാറുകയാണുണ്ടായത്. നിരുപദ്രവിയും, നിരായുധനുമായതന്നെ വധിച്ചതിന്റെ സാംഗത്യം ഏതു ധർമ്മനീതിയാണ് സാധൂകരിയ്ക്കുക എന്നു തുടങ്ങിയ ചോദ്യശരങ്ങൾ ബാലി, ശ്രീരാമനെ ലക്ഷ്യമാക്കി എയ്യാനാരംഭിച്ചു. രാമൻ ആവശ്യപ്പെട്ടിരുന്നെങ്കിൽ നിമിഷാർദ്ധംകൊണ്ട് രാവണനെ തോല്പിച്ച് സീതയെ കാൽക്കൽ എല്പിയ്ക്കുമായിരുന്നെന്നും ധാർഷ്ട്യത്തോടെ പറഞ്ഞു. മഹത്തായ രാജവംശത്തിന് പേരുദോഷം വരുത്താൻ രാമൻ ഒരുമ്പെടരുതായിരുന്നുവെന്നും മറ്റുമുള്ള ബാലിയുടെ തുറന്നുപറച്ചിൽ ശ്രീരാമനെ ചൊടിപ്പിച്ചു. അനുവാചകനെ സംബന്ധിച്ചിടത്തോളം ആസന്നമരണാവസ്ഥയിലും സ്വതസിദ്ധമായ മനസ്ഥൈര്യം കൈവിടാത്ത ബാലി വാല്മീകിരാമായണത്തിലെ ശ്രദ്ധേയ കഥാപാത്രം തന്നെയാണ്.

കൈക്കരുത്തിൽ മതിമറന്ന്, സഹോദരപത്നിയെ അപഹരിച്ച്, ഭാര്യയാക്കി സഹോദരനെ നിഷ്കരുണം നാടുകടത്തിയവർക്ക് ധർമ്മത്തെക്കുറിച്ച് പറയാനെന്താണവകാശമെന്ന് ചോദിച്ചുകൊണ്ട് ശ്രീരാമൻ, ബാലിയുടെ വാദമുഖങ്ങളുടെയെല്ലാം മുനയൊടിച്ചു. നാട്ടിലെ നിയമങ്ങൾ വകവെയ്ക്കാതെ അരാജകത്വം അഴിച്ചുവിടുന്നവരെ നിലയ്ക്കുനിർത്താനുള്ള ബാദ്ധ്യത രാജാവായ തനിയ്ക്കുണ്ടെന്ന് സമർത്ഥിച്ചുകൊണ്ട് ശ്രീരാമൻ, ബാലിയുടെ ബാലിശമായ അവകാശവാദങ്ങളെയെല്ലാം പൂർണ്ണമായി തള്ളിക്കളഞ്ഞു. അല്പനേരത്തെ നിശബ്ദതയ്ക്കുശേഷം, വാനരസ്വഭാവമാണ് തന്നെക്കൊണ്ട് ഇവയെല്ലാം ചെയ്യിപ്പിച്ചതെന്നും, ധാർമ്മികമായി രാമന് തെറ്റുപറ്റിയിട്ടില്ലെന്നും, അവിവേകം പൊറുത്ത് മാപ്പാക്കണമെന്നും ബാലി പ്രതിവചിച്ചു. പ്രജാക്ഷേമതല്പരരായ ഭരണാധികാരികൾ നാടിന്റെ സമ്പത്താണെന്നും, ഇതുവരെ അധർമ്മത്തിൽ ആകൃഷ്ടനായിരുന്ന തനിയ്ക്ക്, ധർമ്മപാതയിലേയ്ക്ക് പ്രവേശനം നൽകണമെന്ന ബാലിയുടെ ഉള്ളുതുറന്ന അപേക്ഷ, നമുക്കേവർക്കുംകൂടി മാർഗ്ഗദർശകമാണ്. വഴിതെറ്റി സഞ്ചരിച്ചവർക്ക് നേരായമാർഗ്ഗം നേരിട്ട് വഴികാണിയ്ക്കുമ്പോൾ പശ്ചാത്താപം പ്രായശ്ചിത്തമാക്കി മുന്നേറുന്നവർക്ക് മോക്ഷം സുനിശ്ചിതമാണെന്ന് രാമായണം വ്യക്തമാക്കുന്നു. അതാണ് ബാലി എന്ന കഥാപാത്രത്തിലൂടെ വാല്മീകി മഹർഷി ലോകത്തെ പഠിപ്പിയ്ക്കുന്നത്. ഈ രാമായണ മാസകാലത്തുതന്നെ നമുക്കെല്ലാം ബാലിയുടെ മാർഗ്ഗം പിൻതുടർന്ന് പൂർണ്ണമായി സദ്വൃത്തരാകാം. (തുടരും)

# താന്ത്രികവൈഷ്ണവദർശനം

**ഡോ. ദാമോദർ നാരായണൻ സി.എൻ.**

(കഴിഞ്ഞ ലക്കം തുടർച്ച)

വാസുദേവൻ, സങ്കർഷണൻ, പ്രദ്യുമ്നൻ അനിരുദ്ധൻ എന്നീ വ്യൂഹ

ങ്ങൾ വൈഷ്ണവദർശനത്തിന്റെ താത്ത്വികചിന്തയിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അവയിൽ വാസുദേവൻ രണ്ടു പ്രകാരത്തിൽ സ്ഥിതി ചെയ്യുന്നു. പരവാസുദേവൻ, വ്യൂഹവാസുദേവൻ എന്നിങ്ങനെ. സാത്വതസംഹിതയിലെ രണ്ടാം പരിച്ഛേദത്തിൽ ഒരിടത്ത് സംഹിതാഭാഷ്യകാരനായ അലശിംഗഭട്ടൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

..യതഃ ശാന്തോദിതാ നിത്യോദിതാ ചേതി ദശാദ്വയമീശ്വരസ്യ പ്രസിദ്ധം. തത്ര ശാന്തോദിതാവസ്ഥാ നാമ സ്വാത്മമാത്രാനുഭവദശാ. നിത്യോദിതാവസ്ഥാ തു സ്വഭൂത്യനുഭവദശാ.

ഗർഗ്ഗകുലീനരാമാനുജീയേ ശ്രീരംഗരാജസ്തവവ്യാഖ്യാനേ തു "പ്രഥന്തേ സോഽനന്തഃ സ്വവശഘനശാന്തോദിതദശഃ" ഇത്യത്ര സ്വവിഭൂതിസ്വഗുണാനുഭവദശാ ശാന്തോദിതദശാ, സ്വരൂപാനുഭവദശാ നിത്യോദിതദശേതി വ്യുത്ക്രമേണോക്തം.

പരവാസുദേവന് ശാന്തോദിതവാസുദേവൻ എന്നും വ്യൂഹവാസുദേവന് നിത്യോദിതവാസുദേവനെന്നും നാമമുണ്ട്.[1] ശ്രീരംഗരാജസ്തവ വ്യാഖ്യാനത്തിൽ മറിച്ചും (പരവാസുദേവൻ - നിത്യോദിതവാസുദേവൻ, വ്യൂഹവാസുദേവൻ - ശാന്തോദിതവാസുദേവൻ) പരാമർശിച്ചതായി കാണാം. തന്നെ മാത്രം അനുഭവിക്കുന്ന അവസ്ഥാവിശേഷത്തോടു കൂടിയവനാണ് ശാന്തോദിതവാസുദേവൻ. തന്റെ വിഭൂതികളെയും അനുഭവിക്കുന്ന അവസ്ഥയാണ് നിത്യോദിതാവസ്ഥാ. സൃഷ്ട്യുന്മുഖനായ പരവാസുദേവന്റെ അവസ്ഥയാണ് വ്യൂഹവാസുദേവൻ എന്നു മനസ്സിലാക്കാം.

പരവാസുദേവനിൽ ഷഡ്ഗുണങ്ങൾ അന്തർഭവിച്ചിരിക്കുന്നു. വ്യൂഹവാസുദേവൻ തുടങ്ങി സങ്കർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്നിവരിൽ ഈ ഷഡ്ഗുണങ്ങളിലെ ഈരണ്ടു ഗുണങ്ങൾ പ്രാധാന്യത്തോടും വിഭജിച്ചു നിലനില്ക്കുന്നു എന്നു നേരത്തെ പരാമർശിച്ചു. ഇനി ഷഡ്ഗുണങ്ങളുടെ ലക്ഷണങ്ങൾ എന്താണെന്നു നോക്കാം.

അഹിർബുധ്ന്യസംഹിതയിൽ-

**ജ്ഞാനം**

അജഡം സ്വാത്മസംബോധി നിത്യം സർവ്വാവഗാഹനം.

ജ്ഞാനം നാമ ഗുണം പ്രാഹുഃ പ്രഥമം ഗുണചിന്തകാഃ.

സ്വരൂപം ബ്രഹ്മണസ്തച്ച ഗുണശ്ച പരിഗീയതേ. (2.56-57/1)

ജഡമല്ലാത്തതും, തന്നെക്കുറിക്കുന്നതും, നിത്യവും എല്ലാത്തിനെയും ഉൾക്കൊള്ളുന്നതുമാണ് ജ്ഞാനം എന്ന ഗുണം എന്ന് ഗുണചിന്തകന്മാർ അഭിപ്രായപ്പെടുന്നു. അത് പരമമായതിന്റ സ്വരൂപവുമാണ് ഗുണവുമാണ്. ജ്ഞാനസ്വരൂപനാണ് ആ പരവാസുദേവനെന്നർത്ഥം.

**ശക്തി**

ജഗത്പ്രകൃതിഭാവോ യഃ സാ ശക്തിഃ പരികീർത്തിതാ. (2.57/2)

പ്രകൃതിഭാവമായ ജഗത്സ്വരൂപമാണ് ശക്തി എന്ന ഗുണം. ദൃശ്യപ്രപഞ്ചമാണ് പ്രകൃതി. അതു തന്നെയാണ് ജഗത്. ആ ജഗത്താണ് വാ

1. അഹിർബുദ്ധ്ന്യസംഹിതയിൽ പരമമായതിനെ നിത്യോദിതമെന്നു പ്രതിപാദിച്ചിരിക്കുന്നു.

പൂർണ്ണം നിത്യോദിതം വ്യാപി ഹേയോപാദേയതോജ്ഝിതം (2.25)

സുദേവന്റെ ശക്തി.

**ഐശ്വര്യം**

**കർത്തൃത്ത്വം നാമ യത് തസ്യ സ്വാതന്ത്ര്യപരിബൃംഹിതം.**

ഐശ്വര്യം നാമ തത് പ്രോക്തം ഗുണതത്ത്വാർത്ഥചിന്തകൈഃ.(2.58)

വാസുദേവന്റെ പരിപൂർണ്ണമായ സ്വാതന്ത്ര്യത്തോടു കൂടിയ കർത്തൃത്ത്വമാണ് ഐശ്വര്യമെന്ന് ഗുണതത്ത്വത്തിന്റ അർത്ഥം ചിന്തിക്കുന്നവരാൽ പറയപ്പെട്ടു. വാസുദേവന്റെ ശക്തികൊണ്ട് സൃഷ്ടിക്കപ്പെട്ട ഈ പ്രപഞ്ചത്തിൽ എന്തും പ്രവർത്തിക്കാനുള്ള ആ പരമമായ സ്വാതന്ത്ര്യമാണ് ഐശ്വര്യം.

**ബലം**

ശ്രമഹാനിസ്തു യാ തസ്യ സതതം കുർവ്വതോ ജഗത്.

ബലം നാമ ഗുണസ്തസ്യ കഥിതോ ഗുണചിന്തകൈഃ. (2.59)

എന്തു പ്രവർത്തിക്കാനും ഉള്ള കൂടുതൽ ശ്രമത്തിന്റെ ആവശ്യമില്ലാത്തതിനാൽ എന്തും സരളമായി ചെയ്യാനുള്ള ഗുണമാണ് ബലം എന്ന് ഗുണചിന്തകന്മാരാൽ പറയപ്പെട്ടു.

**വീര്യം**

തസ്യോപാദാനഭാവേപി വികാരരഹിതോ ഹി യഃ.

വീര്യം നാമ ഗുണഃ സോऽയമച്യുതസ്യാപരാഹ്വയം.(2.60)

വാസുദേവൻ തന്നെയാണ് ഈ ജഗത്തിന് ഉപാദാനകാരണമായിരിക്കുന്നത്. ഒരു വസ്തു നിർമ്മിക്കാനുള്ള കാരണമാണ് ഉപാദാനകാരണം. (ഉദാ-കുടത്തിന് ഉപാദാനകാരണമായിരിക്കുന്നതാണ് മണ്ണ്). ഈ ജഗത്ത് മുഴുവൻ തന്നാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നതാണ് (പരമമായ ബോധമാണ് വാസുദേവൻ) എങ്കിലും അതിലെ ഒരു സംഭവങ്ങളും ആ വാസുദേവനെ ബാധിക്കുന്നില്ല. എന്നതാണ് വികാരരാഹിത്യം. അതാണ് വീര്യമെന്ന ഗുണം. അത് വാസുദേവന്റെ നാശമില്ലാത്ത അവസ്ഥയുടെ വേറൊരു വിശേഷണമാണ്.

**തേജസ്സ്**

സഹകാര്യാനപേക്ഷാ യാ തത് തേജഃ സമുദാഹൃതം.

എന്തു ചെയ്യാനും വേറെ രണ്ടാമതൊരു വസ്തുവിന്റെ ആവശ്യമില്ലാത്തതാണ് തേജസ്സ് എന്ന ഗുണം. വാസുദേവനല്ലാതെ വേറൊരു വസ്തു ഇല്ല തന്നെ.

(തുടരും)

# കേരളീയതന്ത്രം

ഡോ. അജിതൻ പി.ഐ.

**കേരളീയതന്ത്രത്തിലെ സവിശേഷതകളും പരിണാമങ്ങളും**

**തന്ത്രസമുച്ചയത്തിന് മുമ്പും പിമ്പുമായിവന്ന ഗ്രന്ഥങ്ങളിലെ പ്രമേയത്തിനും ക്രമേണ ചില മാറ്റങ്ങൾ സംഭവിക്കുന്നതായിക്കാണാം. ഒന്നാമതായി പ്രയോഗമഞ്ജരി, ശൈവാഗമനിബന്ധനം, വിഷ്ണുസംഹിത, പാശുപതം തുടങ്ങിയ ആദ്യകാലഗ്രന്ഥങ്ങൾ കേവലം ഒരു ദേവതയെമാത്രം**

കേന്ദ്രീകരിച്ചുകൊണ്ടുള്ള ക്ഷേത്രാചാരാനുഷ്ഠാനങ്ങൾ പ്രതിപാദിക്കുന്നവയാണ്. ഇത് ചരിത്രപരമായ തെളിവുകളുമായി യോജിച്ചു പോകുന്നു. കേരളത്തിൽ ആദ്യകാലത്ത് നിർമ്മിക്കപ്പെട്ട ക്ഷേത്രങ്ങളിൽ നല്ലൊരുശതമാനവും ഒന്നുകിൽ ശിവക്ഷേത്രങ്ങളോ അല്ലെങ്കിൽ വിഷ്ണുക്ഷേത്രങ്ങളോ ആയിരുന്നുവെന്ന് ചരിത്രകാരന്മാരിൽ പലരും മുമ്പേ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. കേരളീയതന്ത്രഗ്രന്ഥങ്ങളുടെ ചരിത്രം വച്ച് നോക്കുമ്പോൾ ആദ്യമെഴുതപ്പെട്ട പ്രയോഗമഞ്ജരി ശിവാരാധനയുമായി ബന്ധപ്പെട്ടതാണ്. പ്രയോഗമഞ്ജരിയുടെ മറ്റൊരു പേരാണ് ശൈവാഗമസിദ്ധാന്തസാരം. പേരിലുള്ള ശൈവസിദ്ധാന്തവുമായിട്ടുള്ള ബന്ധത്തിനപ്പുറം പ്രയോഗമഞ്ജരി മുന്നോട്ടുവെക്കുന്ന ശൈവദർശനത്തിലും ക്ഷേത്രനിർമ്മാണം തുടങ്ങി ജീർണ്ണോദ്ധാരം വരെയുള്ള അനുഷ്ഠാനങ്ങളിലും ഇതിന്റെ സ്വാധീനം കാണാൻ സാധിക്കും. പ്രയോഗമഞ്ജരിയെന്ന ആദ്യത്തെ കേരളീയ താന്ത്രിക ഗ്രന്ഥത്തിലെ ശൈവസിദ്ധാന്തത്തിന്റെ സ്വാധീനം വിരൽച്ചൂണ്ടുന്നത് പതിനൊന്നാം നൂറ്റാണ്ടുവരെ കേരളത്തിലെ ശിവക്ഷേത്രങ്ങളിലെ ആരാധന സിദ്ധാന്താഗമങ്ങളെ അടിസ്ഥാനമാക്കിയായിരിക്കാമെന്ന സാദ്ധ്യതയിലേക്കാണ്. ശ്രദ്ധേയമായ മറ്റൊരു വസ്തുത കേരളത്തിലെ ക്ഷേത്രങ്ങളിലെ താന്ത്രികമായ ആചാരാനുഷ്ഠാനങ്ങളുടെ അടിസ്ഥാനമാതൃക ശൈവമാണെന്നുള്ളതാണ്. കേരളത്തിലെ ക്ഷേത്രങ്ങളിൽ ആചരിച്ചുവരുന്ന പൂജ, ഉത്സവ, നവീകരണങ്ങളുടെ ക്രിയാഭാഗം സൂക്ഷ്മമായി പരിശോധിച്ചാൽ ഈ ശൈവപ്രഭാവം വളരെ പ്രകടമായിക്കാണാനാവും.

ഇവിടെ സൂചിപ്പിക്കാനുള്ള മറ്റൊരു വസ്തുത പ്രയോഗമഞ്ജരീകാരന് തനിക്ക് മുമ്പെഴുതപ്പെട്ട ബ്രഹ്മശംഭുവിന്റെ (പൊതുവർഷം പത്താം നൂറ്റാണ്ട്) നൈമിത്തികക്രമാനുസന്ധാനം എന്ന പദ്ധതിഗ്രന്ഥത്തെക്കുറിച്ച് അറിവില്ലായിരുന്നു എന്ന കാര്യമാണ്. അദ്ദേഹം വിശ്വസിച്ചിരുന്നത് തന്റെ പ്രയോഗമഞ്ജരിയാണ് ആദ്യത്തെ പദ്ധതിഗ്രന്ഥമെന്നായിരുന്നു.[11] കാലാന്തരത്തിൽ പ്രശസ്തിയാർജ്ജിച്ച മറ്റ് പദ്ധതിഗ്രന്ഥങ്ങളെല്ലാം തന്നെ പ്രയോഗമഞ്ജരീകാരന് ശേഷം എഴുതപ്പെട്ടിട്ടുള്ളതാണ്, പ്രത്യേകിച്ചും ഭോജദേവന്റെ (പൊതുവർഷം പതിനൊന്നാം നൂറ്റാണ്ട്) സിദ്ധാന്തസാരപദ്ധതി, സോമശംഭുവിന്റെ (പൊതുവർഷം 1095) സോമശംഭുപദ്ധതി, അഘോരശിവാചാര്യരുടെ (പൊതുവർഷം 1157) ക്രിയാക്രമദ്യോതിക എന്നിവ. പ്രയോഗമഞ്ജരിയെത്തുടർന്ന് അതേ മാതൃകയിൽ എഴുതപ്പെട്ടതാണ് മുരാരിഭട്ടന്റെ

11. ദുർജ്ഞേയാനി ബഹൂനി മന്ദമതിഭിസ്തന്ത്രാണി ഗൌരീപതേ-
രുദ്ഗീർണ്ണാനി മുഖാംബുജാദവികലാസ്ത്വേകത്ര തേഷാം ക്രിയാഃ
നോക്താസ്തേന ശിവാഗമാംശ്ച സകലാനുദ്വീക്ഷ്യ താസ്താഃ ക്രിയാഃ
സംക്ഷിപ്യ പ്രവദാമി യാശ്ച വിഹിതാ ലിംഗപ്രതിഷ്ഠാവിധൌ. 1: 6
(source: www.shripuram.org accessed on 16/08/2023.

ശൈവാഗമനിബന്ധനം. ഈ ഗ്രന്ഥത്തിന്റെ പേരുപോലും ശൈവാഗമങ്ങളു മായിട്ടുള്ള ബന്ധത്തെ സൂചിപ്പിക്കുന്നുണ്ട്. ശൈവാഗമനിബന്ധനത്തോടടുപ്പി ച്ച് എഴുതപ്പെട്ടതാവാൻ സാദ്ധ്യതയുള്ളതാണ് നന്ദിയുടെ പാശുപതം എന്ന ഗ്രന്ഥം. ഇതിന്റെ കാലം കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ല. പാശുപതവും കൂടുതലും ശൈവസിദ്ധാന്താധിഷ്ഠിതമാണ്. തന്ത്രസമുച്ചയത്തിന്റെ വിവരണ വ്യാഖ്യാനത്തിൽ വ്യാഖ്യാതാവ് പാശുപതത്തിൽ നിന്നും ധാരാളം ശ്ലോക ങ്ങൾ ഉദ്ധരിക്കുന്നുണ്ട്. മാത്രവുമല്ല, തന്ത്രസമുച്ചയത്തിന് മുമ്പുണ്ടായ രവിയുടെ ക്രിയാസാരമെന്ന ഗ്രന്ഥത്തിലും പാശുപതത്തെ പരാമർശിക്കുന്നു ണ്ട്. ഇക്കാരണങ്ങളാൽ തന്നെ പാശുപതം കേരളീയമായ ഒരു സമുച്ചയ പൂർവ്വഗ്രന്ഥവുമാകാനാണ് സാദ്ധ്യത.

ഏകദേവതാ പ്രധാനമായ കേരളീയതന്ത്രഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ട മറ്റൊരു ഗ്രന്ഥമാണ് വിഷ്ണുസംഹിത. ഇത് ആരെഴുതിയെന്നോ ഏതുകാല ത്തെഴുതിയെന്നോ വ്യക്തമായ അറിവില്ല. കേരളീയമെന്ന് വിശ്വസിക്കപ്പെടു ന്നതും പാഞ്ചരാത്രമെന്ന വിഭാഗത്തിൽ പെടുന്നതുമായ ഏക ഗ്രന്ഥമാണിത്. കേരളത്തിലെ വൈഷ്ണവപരമായ ആരാധനാ സംപ്രദായത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ ഒന്നാണ് വിഷ്ണുസംഹിത. ഇതിന്റെ പ്രഭാവം കേരള ത്തിലിന്നോളമെഴുതപ്പെട്ട താന്ത്രികഗ്രന്ഥങ്ങളിലെല്ലാം തന്നെ പ്രകടമായി കാണാം. വിഷ്ണുസംഹിതയുടെ നേരിട്ടുള്ള സ്വാധീനം ഏറ്റവും പ്രകടമായിക്കാണാവുന്നത് നാരായണാത്മകം എന്ന വൈഷ്ണവപ്രധാനമായ ഗ്രന്ഥത്തിലാണ്. നാരായണാത്മകത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാ വുന്നതാകട്ടെ തന്ത്രസമുച്ചയത്തിന് ശേഷമെഴുതപ്പെട്ട കറുത്തപാറാനുഷ്ഠാ നം, തൊഴവാന്തരനുഷ്ഠാനം, ക്രിയാസാരത്തന്റെ പ്രകാശിനീ വ്യാഖ്യാനം, ക്രിയാസംഗ്രഹം എന്നിവയിലാണ്. ഇരിങ്ങാലക്കുട ഗ്രാമത്തിലെ ബ്രാഹ്മണ രുടെ താന്ത്രികാനുഷ്ഠാനത്തിലാണ് ഇന്ന് വൈഷ്ണവത്തിന്റെ ഏറിയ സ്വാധീനം കാണാനുള്ളത്. ഇവിടെ 'പദ്ധതിക്ഷേത്രങ്ങൾ' എന്നൊരു വിഭാഗം വൈഷ്ണവ ക്ഷേത്രങ്ങൾ തന്നെയുണ്ട്. ഇരിങ്ങാലക്കുട ഗ്രാമക്കാരുടെ ക്ഷേത്രാചാരങ്ങളുടെ ആധികാരിക ഗ്രന്ഥമായി അവർ കണക്കാക്കുന്നത് ഈ നാരായണാത്മകത്തെയാണ്. ഇതിലാണ് ആദ്യമായി ഒന്നിലധികം ദേ വതകളുടെ അതായത് വിഷ്ണു, ദുർഗ്ഗ, ശാസ്താവ്, ശങ്കരനാരായണൻ, ബ്രഹ്മാ വ് തുടങ്ങിയ ദേവതകളുടെ [12] ക്രിയകൾ പ്രതിപാദിച്ചുകാണുന്നത്.

പ്രയോഗമഞ്ജരിക്ക് ശേഷം വരുന്ന ഈശാനശിവഗുരുദേവപദ്ധതി യിൽ ബഹുദേവതാപ്രതിഷ്ഠകൾ പ്രതിപാദിക്കുന്നുണ്ടെങ്കിലും ഇത് കേരളീയ മാണെന്ന് ഇനിയും തെളിയിക്കപ്പെടേണ്ടിയിരിക്കുന്നു . ഈശാനശിവഗുരുദേ വപദ്ധതി കേരളീയമാണെന്ന വാദിക്കാൻ ഇ. വി. രാമൻ നമ്പൂതിരിയും എൻ.

12. Source: www.shripuram.org, accessed on 18/08/2023.

പി ഉണ്ണിയും മുന്നോട്ടുവെക്കുന്ന വാദങ്ങൾ അത്ര ബലവത്തല്ല. ഇ. വി. യുടെ വാദം 'ഈശാനൻ' എന്ന പേര് കേരളീയ ബ്രാഹ്മണരുടെ ഇടയിൽ പണ്ടേ നടപ്പുള്ളതാണെന്നും ഈശാനശിവഗുരുദേവപദ്ധതിയിൽ 'തിമില' എന്ന വാദ്യവിശേഷത്തെ പേരെടുത്തു പരാമർശിക്കുന്നുണ്ടെന്നുമാണ്. തിമില എന്നത് സംസ്കൃതകോശങ്ങളിൽ കാണാത്ത ശബ്ദമായതിനാൽ തന്നെ ഈശാനഗുരുദേവൻ കേരളീയനാണെന്ന് ഉറപ്പിക്കാമെന്നാണ് അദ്ദേഹത്തിന്റെ വാദം. (താമരശ്ശേരി & രവീന്ദ്രൻ, 2010: 254).

കേരളീയതന്ത്രത്തിൽ ഏറ്റവും വഴിത്തിരിവായ ഗ്രന്ഥമാണ് ക്രിയാസാരം. ഇതിന്റെ കർത്താവായി ഉള്ളൂർ എസ്. പരമേശ്വരയ്യർ കണക്കാക്കുന്നത് പുതുശ്ശേരിയെന്ന ഇല്ലത്ത് ('നവശ്രേണി'യിൽ) ജനിച്ച ഒരു രവി നമ്പൂതിരിയെയാണ് (പരമേശ്വരയ്യർ, 1990:203).[13] ഇതിൽ പ്രധാനമായി പ്രതിപാദിക്കുന്നത് ശിവൻ, വിഷ്ണു, ശങ്കരനാരായണൻ, ദുർഗ്ഗ, സുബ്രഹ്മണ്യൻ, ഗണപതി, ശാസ്താവ് എന്നിവരുടെ പൂജ, ഉത്സവം, പ്രതിഷ്ഠ, നവീകരണം തുടങ്ങിയ താന്ത്രികാചാരങ്ങളാണ്. ക്രിയാസാരകാരൻ പേരെടുത്തു പരാമർശിക്കുന്ന പൂർവ്വകാലഗ്രന്ഥങ്ങൾ വിഷ്ണുസംഹിത, ശൈവാഗമനിബന്ധനം, ദേവോദ്ഭവം എന്നിവയാണ്. ക്രിയാസാരത്തിലാണ് ആദ്യമായി ദേവോദ്ഭവമെന്ന ഗ്രന്ഥത്തെക്കുറിച്ചുള്ള പരാമർശം കാണുന്നത്. ഇത് കേരളീയമാണെങ്കിൽ ഇതും തന്ത്രസമുച്ചയത്തിന് മുമ്പുള്ള ഗ്രന്ഥങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടിവരും.

ക്രിയാസാരത്തിലാണ് ആദ്യമായി ഏഴോളം ദേവതകളുടെ ക്ഷേത്രതാന്ത്രികക്രിയകൾ പ്രതിപാദിച്ചുകാണുന്നത്. മാത്രവുമല്ല, ആദ്യമായി സപ്തമാതൃക്കളുടെ പൂജാ വിധാനം പ്രതിപാദിക്കുന്ന ഒരു കേരളീയ തന്ത്രഗ്രന്ഥമാണ് ക്രിയാസാരം എന്നൊരു സവിശേഷതയും ഇതിനുണ്ട്. ഈ ഗ്രന്ഥത്തിന്റെ കാലഘട്ടം നിർണ്ണയിക്കപ്പെട്ടിട്ടില്ല എങ്കിലും പൊതുവർഷം പതിമൂന്ന് പതിനഞ്ച് നൂറ്റാണ്ടുകൾക്കിടയിലാകാനാണ് സാദ്ധ്യത. പ്രയോഗമഞ്ജരിയിലും ശൈവാഗമനിബന്ധനത്തിലുമെന്നപോലെ ക്രിയാസാരത്തിലും ശൈവസിദ്ധാന്തത്തിന്റെ പല അംശങ്ങളും പ്രകടമായി കാണാൻ സാധിക്കും. ഇത് സൂചിപ്പിക്കുന്നത് ക്രിയാസാരമെഴുതപ്പെടുന്ന സമയത്തും ആഗമപാരമ്പര്യത്തിൽ നിന്നും പൂർണ്ണമായ വിടുതൽ സംഭവിച്ച് ആഗമ-സംഹിതാ പാരമ്പര്യങ്ങളുടെ ഒരു കലർപ്പായി കേരളീയതന്ത്രം പരിണമിച്ചിരുന്നില്ല എന്നാണ്. പിന്നീട് ഏകദേശം ഒരു നൂറ്റാണ്ടിന് ശേഷം എഴുത

13. ക്രിയാസാരകാരൻ ഗ്രന്ഥാരംഭത്തിൽ "നാരായണം പ്രഭും" എന്ന് സൂചിപ്പിച്ചു കാണുന്നതിനാൽ ശ്ലേഷ സാമർത്ഥ്യം കൊണ്ട് നാരായണൻ എന്ന വാക്ക് തന്ത്രസമുച്ചയ കർത്താവായ ചേന്നാസ് നാരായണൻ നമ്പൂതിരിയെ അല്ലേ അർത്ഥമാക്കുന്നത് എന്ന് ഉള്ളൂർ എസ്. പരമേശ്വരയ്യർ സംശയിക്കുന്നുണ്ട്. (ഉള്ളൂർ, 1990:203) പക്ഷേ, ഈ നിരീക്ഷണത്തെ ആന്തരികമായ തെളിവുകൾ സാധൂകരിക്കുന്നില്ല.

പ്പെട്ട തന്ത്രസമുച്ചയം പിന്തുടരുന്ന ഏഴ് ദേവതകളായി വിഭജിച്ച് ക്രിയ വിവരിക്കുന്ന രീതി ക്രിയാസാരത്തെ അടിസ്ഥാനമാക്കിയാണ്. അതുകൊണ്ടു തന്നെ ക്രിയാസാരത്തിന്റെ കാലത്തോടെയാണ് കേരളീയതന്ത്രത്തിൽ വേറൊരു വഴിത്തിരിവുണ്ടായതെന്ന് അനുമാനിക്കാം. വാസ്തവത്തിൽ കേരളീയതന്ത്രഗ്രന്ഥങ്ങളെ ക്രിയാസാരത്തിന് മുമ്പുള്ളവയെന്നും ക്രിയാസാരത്തിന് ശേഷമുള്ളവയെന്നുമാണ് തിരിക്കേണ്ടത്. പൊതുവേ ഗവേഷകന്മാർ സ്വീകരിച്ചിരിക്കുന്ന തന്ത്രസമുച്ചയപൂർവ്വഗ്രന്ഥമെന്നും തന്ത്രസമുച്ചയാനന്തരഗ്രന്ഥമെന്നുമുള്ള കേരളീയതന്ത്രഗ്രന്ഥങ്ങളുടെ വിഭജനരീതി ക്രിയാസാരത്തെ ആസ്പദമാക്കി ചിന്തിക്കുമ്പോൾ ശരിയല്ലെന്ന് പറയേണ്ടിവരും. ഇക്കാലത്താവാം പുതിയ ക്ഷേത്രനിർമ്മിതികളും പഴയകാല ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരവും മുൻകാലത്തേക്കാൾ പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ടാവുക.

തന്ത്രസമുച്ചയത്തിന് മുമ്പ് എഴുതപ്പെട്ടതായി കണക്കാക്കാവുന്ന മറ്റൊരു ഗ്രന്ഥമാണ് മാതൃസദ്ഭാവം. ഇതിന്റെ ഗ്രന്ഥകാരൻ ആരെന്നോ എഴുതപ്പെട്ട കാലമേതെന്നോ ഒന്നും തന്നെ അറിവായിട്ടില്ല. തന്ത്രസമുച്ചയത്തിന് മുമ്പുണ്ടായ ഗ്രന്ഥങ്ങൾ ശൈവമോ വൈഷ്ണവമോ ആയിരുന്നെങ്കിൽ മാതൃസദ്ഭാവം ശാക്തമാണ്. ഒരു പക്ഷേ കേരളത്തിൽ എഴുതപ്പെടുന്ന ആദ്യത്തെ ശാക്തഗ്രന്ഥമിതായിരിക്കാം. ഇതിൽ രുരുജിത്ത് (അഥവാ, ചാമുണ്ഡ), സപ്തമാതൃക്കൾ, ശിവൻ, ക്ഷേത്രപാലൻ എന്നിവരുടെ ക്ഷേത്രാചാരങ്ങൾ പ്രതിപാദിക്കുന്നു. യോഗ്യനായ ആചാര്യനെ അഥവാ തന്ത്രിയെ വരിക്കുന്നതു മുതൽ ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരം വരെയുള്ള ക്രിയകളാണ് ഇതിലെ മുഖ്യ പ്രതിപാദ്യവിഷയം. ഇത്തരം ഘടനയിൽ വരുന്ന; അതായത്, ക്ഷേത്രമതില്ക്കകത്ത് ശിവൻ, ഭദ്രകാളി, സപ്തമാതൃക്കൾ, ക്ഷേത്രപാലൻ എന്നീ ദേവതകളുടെ പ്രതിഷ്ഠകൾ ഉള്ള കാവുകളും ക്ഷേത്രങ്ങളും ഇന്ന് രുരുജിത് ക്ഷേത്രങ്ങൾ എന്നാണ് അറിയപ്പെടുന്നത്. കേരളത്തിൽ പതിനാറിലധികം രുരുജിത് ക്ഷേത്രങ്ങളുണ്ട്.[14] ഇവയിൽ പകുതിയോളം ക്ഷേത്രങ്ങൾ ഉത്തരമലബാറിലാണ് സ്ഥിതിചെയ്യുന്നത്. അവിടെ ഇവ 'ശാക്തേയക്കാവുകൾ'

14. മന്നൻപുറത്ത് കാവ് (നീലേശ്വരം, കാസറഗോഡ്), കളരിവാതുക്കൽ ഭഗവതി ക്ഷേത്രം (വളപട്ടണം, കണ്ണൂർ), മാടായി തിരുവർക്കാട്ട് കാവ് (പഴയങ്ങാടി, കണ്ണൂർ), മാമാനിക്കുന്ന് ഭഗവതി ക്ഷേത്രം (ഇരിക്കൂർ, കണ്ണൂർ), പനങ്കാവ് (കണ്ണൂർ) ശ്രീവാഴഞ്ചേരിക്കാവ് ഭഗവതി ക്ഷേത്രം (കുത്തുപറമ്പ്, കണ്ണൂർ), അമ്മൻകോട്ടം ഭഗവതി ക്ഷേത്രം (ശ്രീകണ്ഠാപുരം, കണ്ണൂർ), പിഷാരിക്കാവ് (കൊല്ലം, കൊയിലാണ്ടി, കോഴിക്കോട്), തിരുവളയനാട്ട് കാവ് (കോഴിക്കോട്), കളിയാംവള്ളി ഭഗവതി ക്ഷേത്രം (എടച്ചേരി, കോഴിക്കോട്), കൊടിക്കുന്ന് ഭഗവതി ക്ഷേത്രം (പള്ളിപ്പുറം, പട്ടാമ്പി, പാലക്കാട്), തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രം (അങ്ങാടിപ്പുറം, മലപ്പുറം), കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം (തൃശ്ശൂർ), പരുമല വലിയ പനയന്നാർക്കാവ് (പത്തനം തിട്ട), മുത്തൂർ ഭദ്രകാളി ക്ഷേത്രം (തിരുവല്ല, പത്തനംതിട്ട), ഈശാനത്തു കാവ് (തുരുത്തി, കോട്ടയം), തിരുവാറാട്ട് കാവ് ദേവീ ക്ഷേത്രം (ആറ്റിങ്ങൽ, തിരുവനന്തപുരം). കേരളത്തിൽ രുരുജിത് കാവുകൾ ഇനിയുമുണ്ട്. ഏതൊക്കെയെന്ന് ഇനിയും മനസ്സിലാക്കി വരുന്നതേ ഉള്ളൂ.

എന്നാണ് അറിയപ്പെടുന്നത്. മദ്യമാംസാദികളുപയോഗിച്ചുള്ള ശാക്തേയ പൂജയാണിവിടങ്ങളിൽ നടക്കുന്നത് എന്നതിനാലാണ് ഇവ ശാക്തേയക്കാവുകൾ എന്ന് പൊതുവേ കേരളത്തിൽ അറിയപ്പെടുന്നത്. വേറൊരു കാരണമായി പറയാവുന്നത് ദാർശനികമായി ഇവരെ സംബന്ധിച്ച് ശക്തിയാണ് പ്രധാനം എന്നതിനാലാണ് ഇവർ ശാക്തേയർ എന്നറിയപ്പെടുന്നത് എന്നാണ്. ശൈവരെ സംബന്ധിച്ച് ശിവനാണ് തത്വങ്ങളിൽ ഏറ്റവും ഉയർന്നത്. എന്നാൽ ശാക്തശൈവവിഭാഗത്തിൽ അന്തർഭവിക്കുന്ന ശാക്തേയ തന്ത്രങ്ങളെ സംബന്ധിച്ചാകട്ടേ ശക്തിതത്വമാണ് പരമമായത്. മാത്രവുമല്ല, ശക്തിതത്വത്തിന് മുകളിലായി ശിവതത്വമില്ല. കേരളത്തിൽ പലയിടങ്ങളിലും രുരുജിത് ക്ഷേത്രങ്ങളുണ്ടെങ്കിലും എല്ലാ രുരുജിത് ക്ഷേത്രങ്ങളും ശാക്തേയക്കാവുകളല്ല.

മാതൃസദ്ഭാവത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒരു വസ്തുത 'ആരായിരിക്കണം ആചാര്യൻ' എന്ന ചർച്ചയാണ്. കേരളത്തിലെ മറ്റ് താന്ത്രികഗ്രന്ഥങ്ങളിൽ നിന്നും ഭിന്നമായി മാതൃസദ്ഭാവത്തിൽ ചാമുണ്ഡയെ പൂജിക്കാൻ പാരശവനാണ് അധികാരിയെന്ന് സമർത്ഥിച്ച് കാണുന്നു.[15] 'പാരശവൻ' എന്നാൽ 'ബ്രാഹ്മണന് ശൂദ്രസ്ത്രീയിലുണ്ടായ സന്താനം' എന്ന് അർത്ഥം.. കേരളത്തിൽ ഇത്തരം ക്ഷേത്രങ്ങളിലെ ആരാധനയ്ക്കുള്ള അധികാരം കയ്യാളുന്നവർ പിടാരർ, മൂസ്സത്, അടികൾ എന്നീ വിഭാഗത്തിൽ പെട്ടവരാണ്. ഇവർ ശാക്തേയബ്രാഹ്മണർ എന്ന പേരിലും അറിയപ്പെടുന്നു. ബ്രാഹ്മണരുടേതായ ഷോഡശക്രിയകളും ഇവർ അനുഷ്ഠിക്കുന്നുണ്ട് എങ്കിലും ഇവർക്ക് തത്തുല്യമായ പദവി കേരളത്തിലെ നമ്പൂതിരിമാർ നൽകിക്കാണുന്നില്ല. ഇതിന് ഒരു പ്രധാന കാരണമായി പറയപ്പെടുന്നത് ഇത്തരം കാവുകളിൽ നടത്തപ്പെടുന്ന മദ്യം, മത്സ്യം, മാംസം എന്നിവയുടെ പൂജാസന്ദർഭത്തിലുള്ള ഉപയോഗമാണ്. പിടാരന്മാരുടേയും മൂസ്സതുമാരുടേയും പൂജയിലാണ് ഇത്തരം ദ്രവ്യങ്ങൾ ഉപയോഗിക്കുന്നത്. എന്നാൽ, അടികൾ സമുദായത്തിൽപ്പെട്ടവർ രുരുജിത് ക്ഷേത്രങ്ങളിൽ മദ്യമാംസാദികൾ ഉപയോഗിച്ച് പൂജ ചെയ്തിരുന്നു എന്നതിന് യാതൊരു തെളിവുമില്ല. മത്സ്യമാംസാദി ദ്രവ്യങ്ങൾ ഉപയോഗിക്കാനുള്ള കാരണമാവട്ടെ പിടാരന്മാരുടെ ഈ ആരാധനാ ക്രമം കേരളീയേതരമായ ശൈവശാക്തപാരമ്പര്യത്തെ (അതായത്, ത്രികം, ക്രമം, കൌളം തുടങ്ങിയവയെ) അടിസ്ഥാനമാക്കിയിട്ടുള്ളതാണ് എന്നതിനാലാണ്. എന്തുതന്നെയായാലും പൂർണ്ണമായും ശാക്തേയബ്രാഹ്മണരുടെ അധീനത്തിലായിരുന്ന ഉത്തരമലബാറിലെ ശാക്തേയക്കാവുകളുടേയും തന്ത്രിമാരായി പിന്നീട് മലയാള ബ്രാഹ്മണർ ആധിപത്യമുറപ്പിക്കുന്നതായിക്കാണാം. ഈ മാറ്റം സംഭവിച്ചിട്ട് അധികകാലമൊന്നുമായിട്ടില്ല എന്നാണ് പഠനങ്ങളിലൂടെ മനസ്സിലാക്കാൻ

15. മന്ത്രജ്ഞൈഃ കുശലൈഃ ശൂദ്രൈഃ ബ്രഹ്മയാമളതത്പരൈഃ
പാരശൈവകുലോദ്ഭൂതൈഃ മാതൃദീക്ഷാസമന്വിതൈഃ

സാധിക്കുന്നത്. ഇവിടെ നാം ഓർക്കേണ്ടത് മാതൃസദ്ഭാവം, അതുപോലെ ത്തന്നെ ചാമുണ്ഡയുടെ ആരാധനയുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റ് ഗ്രന്ഥങ്ങളായ [ദക്ഷിണേന്ത്യൻ] ബ്രഹ്മയാമളം, ഈശാനശിവഗുരുദേവപ ദ്ധതി എന്നിവയൊക്കെയനുസരിച്ച് ബ്രാഹ്മണർക്ക് ഇത്തരം ശാക്തേയ-ചാമു ണ്ഡാ ക്ഷേത്രങ്ങളിൽ പൂജചെയ്യാൻ പോലും അവകാശമില്ല എന്ന കാര്യമാ ണ്.

മാതൃസദ്ഭാവത്തിന്റെ വേറൊരു പ്രത്യേകത ഒരേ സമയം കാശ്മീരിലുട ലെടുത്ത ശാക്തശൈവ വിഭാഗത്തിൽപ്പെടുന്ന ത്രികം, ക്രമം[16] എന്നിവയുടേ യും ബംഗാളിൽ പ്രചാരത്തിലുള്ള ചാമുണ്ഡാരാധനയുടേയും[17] ചില അംശ ങ്ങൾ ഇതിൽ പ്രകടമായിക്കാണാമെന്നുള്ളതാണ്. പതിനാലാം നൂറ്റാണ്ടുമുതൽക്കാണ് രുരുജിത് ക്ഷേത്രങ്ങളുടെ പേരുകൾ സന്ദേശകാവ്യ ങ്ങൾ,[18] ഗ്രന്ഥവരികൾ തുടങ്ങിയ ചരിത്രപരമായ ഉപാദാനരേഖകളിൽ പ്ര ത്യക്ഷപ്പെട്ട് തുടങ്ങുന്നത്. അതിനാൽ ഏതാണ്ട് ഇക്കാലഘട്ടത്തിനോട് അടു പ്പിച്ചാവാം മാതൃസദ്ഭാവം എഴുപ്പെട്ടതെന്ന് ഊഹിക്കാം. മാത്രവുമല്ല, കാശ്മീരിലുണ്ടായ ത്രികം, ക്രമം തുടങ്ങിയ സമ്പ്രദായത്തിലെ ചില സാങ്കേ തിക പദാവലികളുടേയും മന്ത്രങ്ങളുടേയും സാന്നിദ്ധ്യം മാതൃസദ്ഭാവത്തിലു ള്ളതിനാലും, ഇവ പിടാരന്മാരുടെ പൂജയിലാണ് കാണപ്പെടുന്നത് എന്നതിനാ ലും പിടാര-മൂസ്സത് സമുദായത്തിൽ പെട്ട ആരോ ഒരാളാണ് ഇതെഴുതിയതെന്ന് തീർച്ചയായും കരുതാം.

മേൽ വിസ്തരിച്ച ഗ്രന്ഥങ്ങളുടെയെല്ലാം ആവിർഭാവത്തിന് ശേഷമാണ് തന്ത്രസമുച്ചയം എഴുതപ്പെടുന്നത്. മറ്റു ഗ്രന്ഥങ്ങളിൽ നിന്നും സമുച്ചയത്തിന് ഒരുപാട് സവിശേഷതകൾ ഉണ്ട്. ഒന്നാമതായി സാമൂതിരിയുടെ സദസ്സിലെ പതിനെട്ടരക്കവികളിൽ ഒരാളായിരുന്ന ചേന്നാസ് നാരായണൻ നമ്പൂതിരി എന്നതിനാൽ അദ്ദേഹമെഴുതിയ തന്ത്രസമുച്ചയത്തിനും വിശേഷ പരിവേഷ വും ആധികാരികതയും സ്വാഭാവികമായിത്തന്നെ വന്നുചേർന്നിരുന്നു. പക്ഷേ, തന്ത്രസമുച്ചയത്തിന്റെ ആധികാരികത കേവലം രാജകവിയാൽ വി രചിതമെന്ന നിലയ്ക്ക് മാത്രമല്ല ഇതിന്റെ ഘടനാപരവും ഭാഷാപരവും സാഹി ത്യപരവുമായ മേന്മയും അടിസ്ഥാനമാക്കിയാണെന്ന് തന്ത്രസമുച്ചയത്തിലൂടെ കടന്ന് പോകുമ്പോൾ മനസ്സിലാവും. ക്ലാസിക്കൽ സംസ്കൃതത്തോട് ചേർന്ന് നിൽക്കുന്ന ഭാഷാപ്രയോഗം, കാവ്യഭംഗി, ക്ഷേത്രത്തെ സംബന്ധിച്ച മുഴുവൻ

16. സമയവിദ്യ, (28:32), രുദ്രശക്തി ( 14:72), പദം, പിണ്ഡം, രൂപം, രൂപാതീതം (14:70) എന്നീ പരാ മർശങ്ങൾ കാശ്മീരിലെ ത്രിക, ക്രമ വാങ്ങ്മയത്തിലെ പ്രധാന സാങ്കേതിക പദങ്ങളാണ്.

17. ശൂലോദകനിർമ്മാണമെന്ന പത്തൊമ്പതാമദ്ധ്യാത്തിൽ പ്രതിപാദിക്കുന്ന ശൂലകുണ്ഡം തുടങ്ങിയ സ്ഥലങ്ങളും കോടിവർഷം തുടങ്ങിയ ഭൂപ്രദേശങ്ങളും ബംഗാളിലെ ചാമുണ്ഡയുടെ ആരാധനയുമായി ബന്ധപ്പെട്ട പ്രധാനസങ്കേതങ്ങളാണ്.

18. പതിനാലാം നൂറ്റാണ്ടിലെഴുതപ്പെട്ട ഉണ്ണുനീലി സന്ദേശത്തിൽ പത്തനംതിട്ടയിലുള്ള പനയന്നാർ ക്കാവിനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട് (Rohinikrishnan , 2019: 139).

ക്രിയകളേയും അടുക്കും ചിട്ടയോടും ക്രമബദ്ധമായും പൂർണ്ണരൂപത്തിലും അവതരിപ്പിക്കുക, നിലവിലുണ്ടായിരുന്ന പക്ഷാന്തരങ്ങളെ യഥാസന്ദർഭം പരാമർശിക്കുക തുടങ്ങിയ സവിശേഷതകൾ തന്ത്രസമുച്ചയത്തെ മുൻകാല ഗ്രന്ഥങ്ങളേക്കാൾ കൂടുതൽ ആധികാരികമാക്കുന്നു. ചേന്നാസ് വാസ്തുശാസ്ത്രനിപുണനും കൂടി ആയിരുന്നുവെന്നതിനാൽ തന്ത്രസമുച്ചയത്തിലെ വാസ്തുപ്രധാനങ്ങളായ ആദ്യത്തെ രണ്ടദ്ധ്യായങ്ങളും ഇന്നും ആധികാരികമായി കണക്കാക്കപ്പെടുന്നുണ്ട്. തന്ത്രസമുച്ചയം പേര് സൂചിപ്പിക്കുന്നത് പോലെ ഒരു സ്വതന്ത്രഗ്രന്ഥമല്ല. എങ്കിലും ക്രമാനുബദ്ധമായി വിഷയങ്ങളെ അവതരിപ്പിക്കുന്നതിന് ഒരാൾക്ക് പ്രതിഭാസ്പർശമുണ്ടെങ്കിലേ സാധിക്കൂ. ഗ്രന്ഥകാരനിലെ ആ അനുപമമായ പ്രതിഭയുടെ നിഴലാട്ടം തന്ത്രസമുച്ചയത്തിലുടനീളം കാണാം.

തന്ത്രസമുച്ചയത്തോടെ ചില പുതിയ പ്രവണതകൾ കേരളതന്ത്രത്തിൽ പ്രത്യക്ഷമാവുന്നത് കാണാം. ഒന്നാമതായി ശൈവം, വൈഷ്ണവം എന്ന കൃത്യമായ വേർതിരിവില്ലാതെ ആചാരങ്ങളിൽ ഇവ രണ്ടിന്റേയും കലർപ്പ് സംഭവിക്കുന്നത് സമുച്ചയത്തോടെയാണ്. അതായത് തന്ത്രസമുച്ചയം എന്നത് ശൈവ-വൈഷ്ണവതന്ത്രങ്ങളുടെ ഒരു സമുച്ചയമാണ് അഥവാ കൂടിക്കലർപ്പാണ്.[19] രണ്ടാമതായി ക്ഷേത്രാചാരാനുഷ്ഠാനങ്ങളിൽ ബ്രാഹ്മണ മേൽക്കോയ്മയെ തന്ത്രസമുച്ചയം ഊട്ടിയുറപ്പിക്കുന്നു. ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനം (അഥവാ തന്ത്രിസ്ഥാനം) ബ്രാഹ്മണന് മാത്രമാണെന്ന് തന്ത്രസമുച്ചയകാരൻ അസന്ദിഗ്ധം പ്രസ്താവിക്കുന്നു.[20] പൂർവ്വകാല തന്ത്രങ്ങളിൽ ഇല്ലാതിരുന്ന ഈ പ്രവണത എങ്ങനെ വന്നുചേർന്നുവെന്ന് മനസ്സിലാക്കാൻ കേരളത്തിന്റെ അക്കാലത്തെ സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അക്കാലത്ത് പ്രചാരം സിദ്ധിച്ചുകൊണ്ടിരുന്ന ശാക്തേയക്കാവുകളുടെ പാരമ്പര്യ അവകാശികളായ ശാക്തേയബ്രാഹ്മണരെ മാറ്റിനിർത്താൻ വേണ്ടിയാണോ ആചാര്യൻ വിപ്രനായിരിക്കണമെന്ന്

19. ആദ്യമായി ഇത്തരത്തിൽ ഒരു സൂചനതരുന്നത് തന്ത്രസമുച്ചയത്തിന്റെ വിവരണവ്യാഖ്യാതാവാണ്. അദ്ദേഹം സമുച്ചയത്തിലെ "ഗുരുദിവാകരഭദ്രകടാക്ഷ" എന്നു തുടങ്ങുന്ന ഒന്നാം പടലത്തിലെ രണ്ടാം ശ്ലോകം വ്യാഖ്യാനിക്കുന്ന സന്ദർഭത്തിൽ തന്ത്രാണാം "വൈഷ്ണവശൈവാദീനാം....സമുച്ചയസ്തന്ത്രസമുച്ചയഃ" എന്നാണ് സമുച്ചയമെന്ന പദത്തെ അദ്ദേഹം വ്യാഖ്യാനിക്കുന്നത്. അതായത് തന്ത്രസമുച്ചയെന്നത് ശൈവ-വൈഷ്ണവതന്ത്രങ്ങളുടെ, മറ്റൊരുതരത്തിൽ പറഞ്ഞാൽ ആഗമ-സംഹിതകളുടെ, ഒരു കൂട്ടിക്കലരത്തലാണ് എന്നാണ് അദ്ദേഹം വിവക്ഷിക്കുന്നത്. ഇതിൽ നിന്നു തന്നെ കേരളീയതന്ത്രമെന്നത് വാസ്തവത്തിൽ ആഗമ-സംഹിതാ പാരമ്പര്യങ്ങളുടെ ഒരു കലർപ്പാണ് എന്ന അർത്ഥത്തിലേക്കും എത്തിച്ചേരാവുന്നതാണ്.

20. വിപ്രഃ കുലീനഃ കൃതസംസ്കൃിയൌഘഃ സ്വധീതവേദാഗമതത്വവേത്താ

വർണ്ണാശ്രമാചാരപരോധിദീക്ഷോ ദക്ഷസ്തപസ്വീ ഗുരുരാസ്തികോസ്തു. [തന്ത്രസമുച്ചയം, 1:5]

ഈ ശ്ലോകത്തെ കുഴിക്കാട്ട് മഹേശ്വരൻ ഭട്ടതിരിപ്പാട് വ്യാഖ്യാനിക്കുന്നതിങ്ങനെയാണ്. "ആചാര്യൻ എല്ലാ ജാതികൾക്കും ബ്രാഹ്മണൻ തന്നെ പ്രതിഷ്ഠാദികർമ്മങ്ങളെ ചെയ്യുവാൻ. ബ്രഹ്മണരിലും ഉത്തമകുലത്തിൽ ജനിച്ചിരിക്കണം. ഉത്തമകുലത്തിങ്കലും വിവാഹം ചെയ്ത് ഗർഭാധാനാദി അഗ്ന്യാധാനാന്തമുള്ള ഷോഡശക്രിയകളെ ചെയ്തിരിക്കണം".

തന്ത്രസമുച്ചയകാരൻ അടിവരയിട്ടു പറഞ്ഞിട്ടുള്ളതെന്ന് സംശയിക്കേണ്ടിവരും. മാത്രവുമല്ല, വേദം പഠിച്ച് അതിന്റെ സാരം മനസ്സിലാക്കിയ ആളും ആയിരിക്കണം ആചാര്യൻ. ശാക്തേയബ്രാഹ്മണരെ സംബന്ധിച്ചും അടികളെന്ന സമുദായത്തെ സംബന്ധിച്ചും അവർക്കിരുവർക്കും വേദാധികാരം കല്പിക്കപ്പെട്ടിട്ടില്ല (അഥവാ ഇവർ ഓത്തുള്ളവരല്ല). അവർക്ക് പൂർണ്ണാധികാരമുള്ള ക്ഷേത്രങ്ങളിൽ പോലും ഈ നിർവ്വചനം വഴി ആചാര്യസ്ഥാനം കേരളത്തിലെ നമ്പൂതിരിമാർക്ക് വന്നുചേരുന്നു.

തന്ത്രസമുച്ചയത്തിന് മുമ്പുള്ള ഗ്രന്ഥങ്ങളിൽ ആചാര്യനാവാവുള്ള യോഗ്യതയായി പറയുന്നത് ദീക്ഷാസ്വീകരണമാണ്.[21] ദീക്ഷയെന്നാൽ താന്ത്രികമായ ഒരു സംസ്കാരക്രിയയാണ്. അതായത് ശിഷ്യത്വം സ്വീകരിക്കാൻ പോകുന്നയാളെ ചില ആചാരങ്ങളിലൂടെ സംസ്കരിച്ച് പാകമാക്കിയെടുക്കലാണ് ദീക്ഷ. ഈ ചടങ്ങിലൂടെയാണ് ആചാര്യൻ അഥവാ ഗുരു പുതു തലമുറയിലേക്ക് പരമ്പരയാലാർജ്ജിച്ച വിജ്ഞാനത്തെ മുഴുവൻ പകരുന്നത്. ദീക്ഷ സ്വീകരിക്കുന്നതു വഴി സ്വീകർത്താവ് ഗുരുവിന്റെ പരമ്പര ഏതാണോ ആ പരമ്പരയുടെ ഭാഗമാകുന്നു. സമയൻ, പുത്രകൻ, സാധകൻ, ആചാര്യൻ എന്നിങ്ങനെ ദീക്ഷിതർ നാലുതരത്തിലാണ് ഉള്ളത്. സമയനെന്നാൽ നിയമബദ്ധൻ എന്നർത്ഥം. പരമ്പരയിലുള്ള എല്ലാ നിയമങ്ങളും അതേ പടി പാലിക്കേണ്ടവനാണ് ഇയാൾ. പുത്രകനെന്നാൽ ആചാര്യൻ പുത്രനെപ്പോലെ കാണുന്നവൻ എന്നർത്ഥം. പുത്രകന് നിയമാനുസൃതമായ ആചാരാനുഷ്ഠാനങ്ങളിൽ ഇളവുകളുണ്ട്. സാധകനെന്നാൽ വ്യക്തിപരമായ സിദ്ധികളിലും അനുഭവങ്ങളിലും മാത്രം താത്പര്യത്തോടെ പ്രവർത്തിക്കുന്നവൻ. ആചാര്യനെന്നാൽ സ്വാർത്ഥത ലേശം പോലുമില്ലാത്തവനും പരമ്പരയെ മുന്നോട്ട് നയിക്കുന്നതിൽ അധികാരിയായവനുമെന്നർത്ഥം.

താന്ത്രികമതമനുസരിച്ച് ദീക്ഷയില്ലെങ്കിൽ മറ്റെന്ത് ഗുണങ്ങളുണ്ടായാലും ഒരാൾ ആചാര്യനാവാൻ യോഗ്യനല്ല. ആചാര്യനാണ് (തന്ത്രി) ക്ഷേത്രാചാരങ്ങളിലെ അവസാനവാക്ക്. തന്ത്രസമുച്ചയപൂർവ്വഗ്രന്ഥങ്ങളിലെല്ലാം ദീക്ഷാനുഷ്ഠാനം പ്രതിപാദിക്കുന്നതിനായി ഒരു അദ്ധ്യായം പ്രത്യേകം മാറ്റി വച്ചിരുന്നതായി കാണാം. എന്നാൽ സമുച്ചയത്തിൽ അവസാന അദ്ധ്യായത്തിൽ കേവലം സ്പർശിച്ച് പോകുന്ന ഒരു വിഷയം മാത്രമാണ് ദീക്ഷ. അതും ദീക്ഷാക്രിയകളുടെ എല്ലാ സാങ്കേതികതകളും ഒഴിവാ

21. ഉദാഹരണത്തിന് പ്രയോഗമഞ്ജരിയിൽ ഒൻപതാമദ്ധ്യാത്തിൽ ദിക്ഷയുടെ പ്രധാന്യത്തെപ്പറ്റി സൂചിപ്പിക്കുന്നതിങ്ങനെയാണ്.

ഭക്തസ്തപസ്വീ ധനവാൻ പ്രശാന്തഃ സിദ്ധാന്തദീക്ഷാക്ഷപിതാഘശുദ്ധഃ

കർത്തും പ്രതിഷ്ഠാമുചിതസ്തതോഹം ദീക്ഷാം പ്രവക്ഷ്യേ പ്രഥമം സമാസാത്

(ഭക്തനായവനും ധനമുള്ളവനും ശാന്തസ്വഭാവത്തോട് കൂടിയവനും സിദ്ധാന്തദീക്ഷയാൽ പാപങ്ങൾ കഴുകപ്പെട്ടതുവഴി ശുദ്ധനായവനുമായ ഒരാളാണ് പ്രതിഷ്ഠിക്കാൻ യോഗ്യനെന്നതിനാൽ ആദ്യം ഞാൻ ദീക്ഷാവിധി ചുരുക്കിപ്പറയുന്നു) Please provdie the details

ക്കി അതിനെ കേവലം മന്ത്രോപദേശത്തിലേക്ക് ചുരുക്കിക്കൊണ്ടുവരുന്നു. ഇതിലൂടെ സംഭവിക്കുന്നത് വലിയൊരു വ്യതിയാനമാണ്. ദീക്ഷാക്രിയ തന്നെയാണ് പ്രതിഷ്ഠാക്രിയ. ദീക്ഷാരഹസ്യം മനസ്സിലായാലേ പ്രതിഷ്ഠാക്രിയകൾ വിധിയാം വണ്ണം പ്രാവർത്തികമാക്കാൻ പറ്റൂ. തന്ത്രശാസ്ത്രദൃഷ്ട്യാ തന്ത്രിയും ക്ഷേത്രത്തിലെ മൂർത്തിയും തമ്മിലുള്ളത് ഗുരുശിഷ്യബന്ധമാണ്. വേറൊരുതരത്തിൽ പറഞ്ഞാൽ ശിഷ്യന്മാരുടെ സമയ, പുത്രക, സാധക, ആചാര്യ ഭേദങ്ങളിൽ പുത്രകനാണ് പ്രതിഷ്ഠാമൂർത്തി. ദീക്ഷയില്ലാതാവുന്നത് വഴി തന്ത്രിയും പ്രതിഷ്ഠാമൂർത്തിയും തമ്മിലുള്ള ഗുരുശിഷ്യബന്ധം ഇല്ലാതാവുന്നു. ഇത്തരത്തിൽ ദീക്ഷയെ നിസ്സാരവത്കരിച്ചുകൊണ്ടുള്ള ഒരു സമീപനത്തിന് ചുക്കാൻ പിടിക്കുന്നത് തന്ത്രസമുച്ചയകാരനാണ്. തുടർന്നിങ്ങോട്ടെഴുതപ്പെട്ട ശേഷസമുച്ചയം, അനുഷ്ഠാനങ്ങൾ ഇവയിലൊന്നും തന്നെ ദീക്ഷാപടലമെന്ന അദ്ധ്യായമേ ഇല്ല. പുടയൂർഭാഷക്കാരനെ സംബന്ധിച്ച് മന്ത്രോപദേശം തന്നെയാണ് ദീക്ഷ. [22]

ദീക്ഷാക്രിയകൾ വിവരിക്കുന്നതിനോട് അനുബന്ധമായിട്ടാണ് തന്ത്രസമുച്ചയത്തിന് മുൻപുള്ള ഗ്രന്ഥങ്ങളിൽ ശൈവമോ വൈഷ്ണവമോ ആയ ജ്ഞാന (epistemology) സത്താമീമാംസകളെ (ontology) അവതരിപ്പിച്ചിട്ടുള്ളത്. ഈ ദാർശനികമായ അടിത്തറയിലാണ് മുഴുവൻ ക്ഷേത്രക്രിയകളും പടുത്തുയർത്തിയിട്ടുള്ളത്. ദീക്ഷ കേരളീയതന്ത്രഗ്രന്ഥങ്ങളിൽ നിന്നും പ്രയോഗത്തിൽ നിന്നും ഉന്മൂലനം ചെയ്യപ്പെടുന്നതിന്റെ പരിണതഫലമായി കേരളതന്ത്രത്തിന് ദാർശനികമായി കെട്ടുറപ്പുള്ള ഒരു അടിത്തറ ഇല്ലാതായിപ്പോയി. കേരളീയതന്ത്രത്തിൽ നിന്നും ദീക്ഷ പതുക്കെ ഒഴിവാക്കാനുള്ള ഒരു കാരണമായി പറയാവുന്നത് അത്തരമൊരു ഒഴിവാക്കൽ ക്ഷേത്രങ്ങളിലെ താന്ത്രികാവകാശം ബ്രാഹ്മാണാധീനമാക്കാൻ സഹായകമായി വർത്തിച്ചിരിക്കാം എന്ന സാദ്ധ്യതയാണ് . ദീക്ഷ സ്വീകരിച്ച കഴിഞ്ഞാൽ ഒരാൾ സാമ്പ്രദായികമായി ശൈവനോ അല്ലെങ്കിൽ വൈഷ്ണവനോ ആകും. കാരണം, ഒരാൾ ദീക്ഷിക്കപ്പെടുന്നത് ശൈവമാർഗ്ഗത്തിലേക്കോ അല്ലെങ്കിൽ വൈഷ്ണവമാർഗ്ഗത്തിലേക്കോ ആണ്. എന്നാൽ ദീക്ഷ ഒഴിവാക്കപ്പെട്ടാൽ ശൈവ-വൈഷ്ണവഭേദം നിലനിൽക്കില്ല. അപ്പോൾ കേരളത്തിലെ ക്ഷേത്രങ്ങളിലെ താന്ത്രികാവകാശം പൂർണ്ണമായും ബ്രാഹ്മണാധിപത്യത്തിന്റെ കീഴിൽ വരുന്നു. അതായത്, ശൈവനോ വൈഷ്ണവനോ ആവണമെന്നില്ല പകരം വേദാധികാരമുള്ള ഷോഡശസംസ്കാരാദികളിലൂടെ കടന്നുപോയ ബ്രാഹ്മണനാണെങ്കിൽ ഒരാൾ ക്ഷേത്രങ്ങളുടെ തന്ത്രിസ്ഥാനത്തിന് അർഹനാവുന്ന എന്ന അവസ്ഥ അനായാസം സംജാതമാകുന്നു.

22. ദീക്ഷതന്നെ പ്രതിഷ്ഠിപ്പാനധികാരവിധിസ്സുതഃ
മന്ത്രദീക്ഷാപ്രകാരത്തെ ചൊല്ലുന്നിഹ സമാസതഃ [ക്രിയാദീപിക എന്ന പുടയൂർ ഭാഷ, 1:5]

പ്രയോഗമഞ്ജരി തുടങ്ങിയ തന്ത്രസമുച്ചയപൂർവ്വ ഗ്രന്ഥങ്ങളിൽ 'ശില്പം' ഒരു പ്രധാനവിഷയമാണ്. തന്ത്രസമുച്ചയം വരെയുള്ള കേരളീയതന്ത്രഗ്രന്ഥങ്ങളിൽ ക്ഷേത്രനിർമ്മാണം തുടങ്ങി നൂതനപ്രതിഷ്ഠ, ഉത്സവം, പ്രായശ്ചിത്തം എന്നീ ക്രമത്തിലാണ് വിഷയങ്ങളെ പ്രതിപാദിക്കുന്നത്. എന്നാൽ സമുച്ചയാനന്തരമുള്ള തന്ത്രഗ്രന്ഥങ്ങളിൽ നിന്നും നൂതനക്ഷേത്രനിർമ്മിതി, ബിംബനിർമ്മിതി എന്നിവയുമായി ബന്ധപ്പെട്ട സാങ്കേതികതകൾ തീർത്തും അപ്രത്യക്ഷമാവുന്നു. പകരം ക്ഷേത്ര,ബിംബ,പീഠ ജീർണ്ണാദ്ധാരവുമായി ബന്ധപ്പെട്ട ക്രിയകൾക്ക് പ്രാമുഖ്യം വരുന്നു. പതിനഞ്ചാം നൂറ്റാണ്ടിന് ശേഷം ശില്പം വേറിട്ടൊരു സാങ്കേതിക ശാഖയായി കേരളത്തിൽ പടർന്ന് പന്തലിക്കുന്നത് കാണാം. ഇതിനാലാവാം തന്ത്രസമുച്ചയാനന്തര ഗ്രന്ഥങ്ങളിൽ ശില്പം ഇടം നേടാതെ പോയത്. അല്ലെങ്കിൽ, ഒരു സാദ്ധ്യതയായി കാണാവുന്നത് പതിനഞ്ചാം നൂറ്റാണ്ടിന് ശേഷം കേരളത്തിൽ നൂതനക്ഷേത്രനിർമ്മിതിയേക്കാളും കൂടുതൽ ആവശ്യമായി വന്നത് പഴക്കം ചെന്നതിനാൽ പ്രതാപം നഷ്ടപ്പെട്ട  ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരമാണ് എന്നതിനാലാവാം. എന്തുതന്നെയായാലും പില്ക്കാലത്തു വന്നുചേർന്ന ഈയൊരു മാറ്റത്തെ ചരിത്രപശ്ചാത്തലത്തിൽ വിലയിരുത്തിയാൽ മാത്രമേ അതാത് കാലഘട്ടത്തിന്റെ സവിശേഷതകൾ പ്രതിബിംബിപ്പിക്കുന്ന ഗ്രന്ഥങ്ങളിലും ഇത്തരത്തിലുള്ള മാറ്റങ്ങൾ എങ്ങനെ വന്നു എന്ന് പറയുവാൻ കഴിയൂ.

തന്ത്രസമുച്ചയത്തോടെ പ്രാബല്യത്തിൽ വരുന്ന ഒരു ക്രിയാരൂപമാണ് 'ധ്വജപ്രതിഷ്ഠ'. അതിന് മുൻപുള്ള ഗ്രന്ഥങ്ങളനുസരിച്ച് ഉത്സവസമയത്ത് താത്കാലികമായി മാത്രം നാട്ടി നിർത്തുന്നവയാണ് ധ്വജങ്ങൾ. സ്ഥിരമായ ഒരു ധ്വജത്തെക്കുറിച്ചുള്ള പരാമർശം ഇത്തരം പൂർവ്വകാല ഗ്രന്ഥങ്ങളിൽ കാണുന്നതേയില്ല. തന്ത്രസമുച്ചയത്തിന് ശേഷം വരുന്ന ഗ്രന്ഥങ്ങളിൽ ധ്വജപ്രതിഷ്ഠയും ഒരു പ്രധാനപ്രമേയമായി വരുന്നത് കാണാം. എന്നാൽ, എച്ച് സർക്കാറിന്റെ (Sarkar, 1978: 57) അഭിപ്രായത്തിൽ പത്തൊമ്പതാം നൂറ്റാണ്ടോടെയാണ് ക്ഷേത്രങ്ങൾക്കു മുന്നിൽ ധ്വജങ്ങൾ പ്രതിഷ്ഠിക്കപ്പെടുന്നതായി കണ്ടുവരുന്നത്. പക്ഷേ, ഇത് ഗ്രന്ഥപരമായ തെളിവുകളുമായി ഒത്തുപോകുന്നില്ല. ധ്വജപ്രതിഷ്ഠപോലെത്തന്നെ പതിനഞ്ചാം നൂറ്റാണ്ടോടെ കേരളത്തിലെ തന്ത്രഗ്രന്ഥങ്ങളിൽ കണ്ടുവരുന്നതാണ് കൂത്തമ്പലനിർമ്മാണം, മൃദംഗോപനയനം, അശ്വത്ഥോപനയനം എന്നീ അനുഷ്ഠാനങ്ങൾ.

തന്ത്രസമുച്ചയത്തിന് ശേഷം കേരളീയതന്ത്രത്തിൽ വരുന്ന വേറൊരു പ്രത്യേകതയാണ് മറ്റ് ദേവതകൾക്കൊപ്പം ഭദ്രകാളിയും ഇടം പിടിക്കുന്നുവെന്നുള്ളത്. തന്ത്രസമുച്ചയത്തിൽ വിഷ്ണു, ശിവൻ, ശങ്കരനാരായണൻ, ദുർഗ്ഗ, സുബ്ര

ഹ്മണ്യൻ, ഗണപതി, ശാസ്താവ് എന്നീ ഏഴുദേവതകളുടെ ക്രിയകൾ മാത്രമേ പരാമർശിക്കപ്പെടുന്നുള്ളൂ. തന്ത്രസമുച്ചയത്തെ തുടർന്നാണ് 'ഭദ്രപദം' എന്ന ഭദ്രകാളീ പ്രധാനമായ ഗ്രന്ഥം എഴുതപ്പെടുന്നത്. ഭദ്രപദത്തിന്റെ ഒരു പ്രധാന സവിശേഷത മാതൃയാമളമെന്ന ഗ്രന്ഥത്തിന്റെ ഭാഗമാണ് ഇത് എന്നതാണ്. ദക്ഷിണേന്ത്യയിൽ പ്രചാരം സിദ്ധിച്ച ഭദ്രകാളി അഥവാ ചാമുണ്ഡ എന്ന ദേവതയുടെ ആരാധനയുമായി ബന്ധപ്പെട്ടതാണ് മാതൃയാമളമെന്ന താന്ത്രികഗ്രന്ഥം. ഇതിന് കേരളത്തിൽ സ്വാധീനമുണ്ടായിരുന്നു എന്ന് വരുമ്പോൾ കേരളത്തിലെ ഭദ്രകാളീ ആരാധന വാസ്തവത്തിൽ കേരളീയേതരമായിരുന്നു എന്നും ഏതോ കാലഘട്ടത്തിൽ കേരളീയമാക്കപ്പെട്ടതാണ് എന്നും കൂടി വേണം കരുതാൻ. എന്നാൽ ഭദ്രകാളിയും കേരളത്തിലെ മറ്റ് ദേവതകളുടെ ഒപ്പം ഇടം നേടിക്കാണുന്നത് ഭദ്രപദത്തിന് ശേഷമെഴുതപ്പെട്ട ശേഷസമുച്ചയത്തിലാണ്. ഭദ്രകാളീ, ചാമുണ്ഡാ എന്നീ ദേവതകളുടെ ആരാധനയിൽ മദ്യവും മാംസവും പ്രധാനഘടകങ്ങളാണ്. ഇവയുടെ ഉപയോഗം ഭദ്രപദത്തിലും, മാതൃസദ്ഭാവത്തിലും, മാതൃസദ്ഭാവത്തിന്റെ ഉറവിടമായ ബ്രഹ്മയാമളത്തിലും, ഈശാനശിവഗുരുദേവപദ്ധതിയിലുമൊക്കെ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതായി കാണാം. എന്നാൽ തന്ത്രസമുച്ചയകാരന്റെ ശിഷ്യനാൽ എഴുതപ്പെട്ട ശേഷസമുച്ചയത്തിൽ ഇത്തരം "അശുദ്ധദ്രവ്യങ്ങളുടെ" സൂചനപോലും കാണാനില്ല. ഇത് ബ്രാഹ്മണേതരപാരമ്പര്യത്തിൽ ഉൾപ്പെടുന്ന ഭദ്രകാളിയുടെ ആരാധന ക്രമേണ ബ്രഹ്മണപാരമ്പര്യത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു വന്നതാവാമെന്ന നിഗമനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു.

മുൻപ് സൂചിപ്പിച്ചതുപോലെ പ്രയോഗമഞ്ജരി മുതൽ തന്ത്രസമുച്ചയം വരെയുള്ള ഗ്രന്ഥങ്ങളിൽ ശില്പവും പ്രായശ്ചിത്തങ്ങളും ഇടം നേടിയിട്ടുണ്ട്. ക്ഷേത്രത്തിൽ അസാധാരണ ലക്ഷണങ്ങൾ കാണുമ്പോഴോ അല്ലെങ്കിൽ അശുദ്ധി സംഭവിക്കുമ്പോഴോ അതിനനുസൃതമായി ചെയ്യേണ്ടതായ കർമ്മങ്ങളാണ് പ്രായശ്ചിത്തങ്ങൾ. അതായത്, സമുച്ചയപൂർവ്വഗ്രന്ഥങ്ങളിൽ ക്ഷേത്ര,ബിംബനിർമ്മാണങ്ങൾക്ക് ശില്പശാസ്ത്രജ്ഞന്റേയോ; ദോഷങ്ങൾക്ക് പ്രായശ്ചിത്തം വിധിക്കാൻ ജ്യോത്സ്യന്റെയോ സഹായം ആവശ്യമില്ലാത്തതരത്തിൽ ഒരു സ്വയം പര്യാപ്തത ആചാര്യന് അഥവാ തന്ത്രിക്ക് കല്പിക്കപ്പെട്ടിരുന്നു. എന്നാൽ സമുച്ചയാനന്തരകാലഘട്ടത്തിൽ ഒരു വികേന്ദ്രീകരണം സംഭവിക്കുന്നതായി കാണാം. പ്രായശ്ചിത്തങ്ങൾ തീരുമാനിക്കുന്നത് പൂർണ്ണമായും ജ്യോത്സ്യന്റെ അധികാരമായി മാറുന്നു. ഇത് ക്രമേണ പല തരത്തിലുള്ള നൂതനമായ ആചാരാനുഷ്ഠാനങ്ങൾ രൂപപ്പെടുന്നതിന് വഴിവെക്കുന്നതായും കാണാം. അത്തരമൊന്നാണ് ക്ഷേത്രങ്ങളിലെ പ്രായശ്ചിത്തത്തിന്റെ ഭാഗമായി 'വേർപാട്' എന്നൊരു അനുഷ്ഠാനത്തിന്റെ കൂട്ടിച്ചേർക്കൽ. വേർപാടെന്നാൽ പ്രേതബാധകളെ സാദ്ധ്യന്റെ ശരീരത്തിൽ നിന്നും ആവാഹിച്ച്

മാറ്റുന്ന ഒരു ക്രിയയാണ്. ഇത് പൊതുവെ വീടുകളിലാണ് നടത്തപ്പെടുന്നത്. എന്നാൽ ഇപ്പോൾ വേർപാട് ക്ഷേത്രത്തിൽ ആചരിക്കപ്പെടുന്ന പ്രായശ്ചിത്താനുഷ്ഠാനങ്ങളുടെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. ഇതനുസരിച്ച് ദേവീദേവന്മാരിലും പ്രേതാദികൾ മനുഷ്യരിലെന്നപോലെ ആവേശിക്കുന്നു, ചൈതന്യലോപമുണ്ടാക്കുന്നു. ഇവയെ ആവാഹിച്ച് വേർപ്പെടുത്തുന്നതു വഴി ചൈതന്യാഭിവൃദ്ധിയുണ്ടാക്കുന്നു. ഇതാണ് വേർപാടിന്റെ ദാർശനികമായ ന്യായീകരണം. പക്ഷേ, കേരളീയതന്ത്രത്തിലെ ആധികാരികഗ്രന്ഥങ്ങളിലൊന്നും തന്നെ ഇത്തരത്തിലൊരനുഷ്ഠാനത്തിന്റെ സൂചനപോലുമില്ല. എന്നു മുതൽക്കാണ് വേർപാട് ക്ഷേത്രാനുഷ്ഠാനങ്ങളുടെ ഭാഗമായതെന്ന് അറിവില്ല.

ലിഖിത പാരമ്പര്യത്തേക്കാളുപരി കേരളതന്ത്രത്തിൽ വാമൊഴി പാരമ്പര്യത്തിനാണ് മുൻതൂക്കം. പക്ഷേ കേരളീയതന്ത്രഗ്രന്ഥങ്ങളിലൂടെ കടന്നുപോകുമ്പോൾ കാലാന്തരത്തിലെപ്പോഴോ ഈ വാമൊഴി പാരമ്പര്യത്തിനു കോട്ടം സംഭവിച്ചുപോയിട്ടുണ്ടോ എന്നൊരു സംശയം ഉണ്ടാവുന്നുണ്ട്. പ്രത്യേകിച്ചും വാമൊഴി പാരമ്പര്യത്തിൽ മാത്രമുള്ള യോഗസമ്പ്രദായത്തിന്റെ കാര്യത്തിൽ. ആഗമ-സംഹിതകളുടെ ഭാഗമായിക്കാണുന്ന യോഗസമ്പ്രദായം പാതഞ്ജലയോഗത്തിൽ നിന്നും വ്യത്യസ്തമാണ്. പാതഞ്ജല,അഷ്ടാംഗയോഗങ്ങളിൽ നിന്ന് ഭിന്നമായി ഷഡംഗയോഗമാണ് ആഗമങ്ങളിൽ പ്രതിപാദിക്കുന്നത്. പ്രാണായാമം തുടങ്ങിയ യോഗാംഗങ്ങളും പലതരം ഭാവനകളും താന്ത്രിക യോഗാനുഷ്ഠാനത്തിന്റെ ഭാഗമാണ്. ഇത്തരം യോഗപ്രക്രിയകളാകട്ടെ താന്ത്രികാനുഷ്ഠാനങ്ങളിലുടനീളം പ്രത്യക്ഷപ്പെടുന്നുണ്ട്. ദീക്ഷയിൽ ഏറ്റവും പ്രധാനമായിട്ടുള്ളതാണ് പ്രാണന്റെ ചില വിശേഷപ്രയോഗങ്ങൾ. ഇത് ലിഖിതപാരമ്പര്യത്തിൽ എവിടേയും കാണില്ല. ഇത്തരം രഹസ്യങ്ങൾ വാമൊഴിയായി പകർന്നുകിട്ടേണ്ടതാണ്. ദീക്ഷ ലോപിക്കുന്നതോടെ ഈ വാമൊഴി പാരമ്പര്യവും കാലാന്തരത്തിൽ അസ്തമിക്കുന്നതായിക്കാണാം. പരമ്പരാഗതമായ ഇത്തരം അറിവുകളില്ലെങ്കിൽ ലിഖിതപാരമ്പര്യത്തിലെ ചില അംശങ്ങൾ വ്യാഖ്യാനങ്ങൾക്കൊന്നും വഴങ്ങുകയുമില്ല. ഇത്തരം സന്ദർഭങ്ങൾ കേരളീയതന്ത്രഗ്രന്ഥങ്ങളിൽ ഇന്ന് ധാരാളമായിക്കാണാം.

**ഉപസംഹാരം**

കേരളീയതന്ത്രത്തെക്കുറിച്ചുള്ള ഗവേഷണങ്ങൾ ഇന്നും ശൈശവദശയിൽ തന്നെയാണ്. ഇ. വി രാമൻ നമ്പൂതിരിയാണ് കേരളതന്ത്രപഠനങ്ങൾക്ക് ആദ്യമായി ഒരു ശക്തമായ അടിത്തറ പാകുന്നത്. എന്നാൽ ഇ. വി രാമൻ നമ്പൂതിരിക്ക് മുമ്പ് തന്നെ ഉള്ളൂരും, വടക്കുംകൂറും, കുഞ്ചുണ്ണിരാജയും, കുഞ്ചൻ രാജയുമൊക്കെ അവരുടെ ലേഖനങ്ങളിൽ പല സ്ഥലത്തായി കേരളീയ താന്ത്രിക ആചാര്യന്മാരെക്കുറിച്ചും ഗ്രന്ഥങ്ങളെക്കുറിച്ചുമൊക്കെ പരാമർശിക്ക

ന്നുണ്ട്. എന്നിരുന്നാലും ഇ. വിയാണ് ആദ്യമായി കേരളീയതന്ത്രമെന്ന വിഷയത്തെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് ഒരു വിശാലമായ പഠനം നടത്തുന്നത്. ഇ. വിയുടെ പഠനത്തിന്റെ ഒരു പ്രത്യേകത ഭാരതത്തിലുടനീളമുള്ള താന്ത്രിക പാരമ്പര്യങ്ങളുടെ വിശാലമായ പശ്ചാത്തലത്തിലാണ് അദ്ദേഹം കേരളീയതന്ത്രത്തെ അടയാളപ്പെടുത്തിയിട്ടുള്ളത് എന്നതാണ്. അദ്ദേഹത്തെ പിന്തുടർന്ന് വന്ന ഗേവഷകരെല്ലാം തന്നെ ചെയ്തു കാണുന്നത് പ്രയോഗമഞ്ജരിപോലുള്ള ഏതെങ്കിലുമൊരു തന്ത്രഗ്രന്ഥത്തെ ആധാരമാക്കി കേരളീയതതന്ത്രത്തിലെ സവിശേഷതകളെ വിവരണാത്മകമായി പഠിക്കുക എന്നതുമാത്രമാണ്.

വാസ്തവത്തിൽ കേരളീയതന്ത്രത്തിന്റെ വികാസപരിണാമങ്ങൾ അടയാളപ്പെടുത്തേണ്ടത് ആഗമ-സംഹിതകൾ മുന്നോട്ട് വെക്കുന്ന ക്ഷേത്രാചാരങ്ങളുടെ പശ്ചാത്തലത്തിലും കേരളത്തിന്റെ സവിശേഷമായ സാംസ്കാരികചരിത്രപശ്ചാത്തലത്തിലുമാണ്. ഇങ്ങനെ കേരളീയതന്ത്രത്തെ സമീപിക്കുമ്പോൾ ദക്ഷിണേന്ത്യൻ ശൈവ-വൈഷ്ണവ പാരമ്പര്യങ്ങളിൽ നിന്ന് മദ്ധ്യകാലത്ത് ഉരുത്തിരിഞ്ഞുണ്ടായതാണ് ഇതെന്ന് എളുപ്പം മനസ്സിലാക്കാൻ സാധിക്കും. തുടർന്ന് ഇക്കാലമത്രയും പലതരം മാറ്റങ്ങൾക്ക് കേരളീയതന്ത്രം വിധേയമായിട്ടുണ്ട്. ഈ മാറ്റങ്ങളിൽ ചിലതിന് അതാത് കാലത്തെ കേരളത്തിലെ രാഷ്ട്രീയ-സാംസ്കാരിക സാഹചര്യങ്ങളുമായി നല്ല ബന്ധവുമുണ്ട്. കേരളീയതന്ത്രപഠനത്തിന്റെ ഉപാദനങ്ങളിൽ നല്ലൊരു ശതമാനവും താളിയോലകളാണ്. ഇ.വിയും എൻ. പി ഉണ്ണിയുമൊക്കെ ഇരുണ്ട അറകളിൽ നിന്നും ഇവയിൽ പലതിനേയും പുറത്തുകൊണ്ടുവന്ന് പഠനം നടത്തി പ്രസിദ്ധീകരിച്ചതിനാലാണ് ഇത്രയുമെങ്കിലും നമ്മൾക്ക് അറിയാൻ സാധിക്കുന്നത്. ഇനിയും ഒരുപാട് താളിയോല ഗ്രന്ഥങ്ങൾ വെളിച്ചം കാണേണ്ടയായിട്ടുണ്ട്. ഇവ കണ്ടെത്തുകയും ആഴത്തിലുള്ള പഠനത്തിന് വിധേയമാക്കുകയും ചെയ്യേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുന്നു. കാരണം താളിയോലകളിൽ പലതും അന്ത്യശ്വാസം വലിച്ച് തുടങ്ങിയിരിക്കുന്നു. അവയും നഷ്ടപ്പെടുന്നതോടെ കേരളീയതന്ത്രത്തെക്കുറിച്ചുള്ള വിശാലവും ചരിത്രനിബദ്ധവുമായ ചിത്രം നമ്മൾക്ക് എന്നെന്നേക്കുമായി നഷ്ടമാവും.

**ഔഷധസസ്യങ്ങൾ – 45**

# എരിക്ക്

**ഉണ്ണികൃഷ്ണൻ കിഴുത്താണി** **ഫോൺ : 0480 2832108**

അസ്ക്ലിപിയഡേസി വർഗ്ഗത്തിൽപ്പെട്ട എരിക്കിനെ കലോട്രോപിസ് ഗൈജാൻഡ എന്ന പേരിൽ അറിയപ്പെടുന്നു. ഇതിന്റെ വേര്, വേരിന്മേൽ തൊലി, പൂവ്, ഇല, കായ്, കറ എന്നിവയെല്ലാം ഔഷധാവശ്യത്തിന് പ്രയോജനപ്പെടുത്തുന്നു.

എരിവുരസം, ഉഷ്ണവീര്യം ഇവയാണ്. വാതം, നീര്, വ്രണം, ചൊറി, കൃമിദോഷം ഇവ ഇല്ലായ്മ ചെയ്യും. ഇതിന്റെ ഇല വാട്ടി (ചൂടാക്കി) നീരുള്ള ഭാഗങ്ങളിൽ പതിയ്ക്കുകയോ, കെട്ടിയിടുകയോ ചെയ്താൽ പെട്ടെന്ന് നീര് വലിഞ്ഞ് സുഖമാകും. കാലിൽ ആണിരോഗമുള്ളവർ എരിക്കില നന്നായി ചൂടാക്കി, ആ ചൂടോടുകൂടി ചവിട്ടിയാൽ ശമനം കിട്ടും. കുറച്ചുദിവസങ്ങൾ തുടർച്ചയായി ചെയ്യേണ്ടതാണ്. എരിക്കിന്റെ ഇല ഉണക്കിപ്പൊടിച്ച് വെളിച്ചെണ്ണയിൽ ചാലിച്ച് മുറിവിൽ പുരട്ടിയാൽ സത്വരശമനം കിട്ടും. എരിക്കില മൂർഖൻ പാമ്പ് വിഷത്തിന് കൈകണ്ട ഔഷധമായി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ കിഴങ്ങാണ് വിഷത്തിന് ഔഷധമായി ഉപയോഗിയ്ക്കുന്നത്. വാതരോഗത്തിന് എരിക്കിന്റെ ഇലകിഴിയായും മറ്റുപലവിധത്തിലും ഉപയോഗിയ്ക്കുന്നു. എരിക്കിന്റെ ഇല നല്ലെണ്ണ പുരട്ടി വാട്ടിയെടുത്തനീര് ചെവിയിൽ ഒഴിച്ചാൽ അനുഭവപ്പെടുന്നകുരു, ചെവിവേദന എന്നിവയ്ക്ക് ഏറ്റവും ഫലപ്രദമാണ്.

ചിലർക്ക് തലയിൽ പുഴക്കടി ഉണ്ടാകാറുണ്ട്, എരിക്കിൻ പാൽ (കറ) പുരട്ടിയാൽ ഭേദമാകും. എരിക്കിൻ പാൽ ഉപ്പുചേർത്ത് പല്ലുതേച്ചാൽ പല്ലുവേദനയ്ക്ക് ശമനം കിട്ടും. മാത്രമല്ല തുടർച്ചയായി ഉപയോഗിച്ചാൽ നീരും, വേദനയും, വായ് നാറ്റവും ഇല്ലാതെയാകും. ഫലപ്രദമായ വിരേചന (വയറിളക്കാൻ) ഔഷധം കൂടിയാണ്. ഇതിന്റെ എല്ലാ ഭാഗങ്ങളും ഹൃദ്രോഗത്തിന് വളരെ പ്രയോജനപ്പെടുമെന്ന് ഇപ്പോൾ മനസ്സിലാക്കിയിരിയ്ക്കുന്നു. ഒരുഗ്ലാസ് പാലിൽ അരഗ്രാം സോഡിയംബൈകാർബണേറ്റും അര ടീസ്പൂൺ എരിക്കിൻ വേരിന്മേൽതൊലി പൊടിച്ചതും ചേർത്ത് അതിരാവിലെ സേവിയ്ക്കുന്നത് മഞ്ഞപ്പിത്തത്തിന് കൈകണ്ട ഔഷധമാണ്.

RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

ISSN:2583-2484

*Scan the QR code for free download*